കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ/എ.എൽ.പി/പി2-1253/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി: 30.08.2018
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുറവൂർ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി2-1253/2018 തീയതി: 30.08.2018

# ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.6.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2018 മുതൽ<br>20.07.2018 വരെ | ശ്രീമതി.എസ്സ്.എൽസമ്മ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.രാജേഷ്. കെ.ജി.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.റോയി.റ്റി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി രാജിമോൾ പി.സി, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ്<br>ശ്രീമതി.അനിതാസോമൻ | 01.4.2017 മുതൽ 31.3.18വരെ. |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ജെയിൻ ഏണസ്റ്റ് | 01.4.2017മുതൽ 31.3.2018വരെ. |
| 2 | വികസനകാര്യം | ശ്രീ.കെ.ആർ.രൻഷു | 01.4.2017മുതൽ 31.3.2018വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഷൈമോൾ | 01.4.2017മുതൽ 28.11.2017വരെ |
| | | ശ്രീമതി.സരസമ്മ വിജയൻ | 29.11.2017മുതൽ 31.3.2018 വരെ |
| 4 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീ.ആർ.വിദ്യാധരൻ | 01.4.2017മുതൽ 31.3.2018വരെ. |

| | |
|---|---|
| സെക്രട്ടറി<br>ശ്രീ.കബീർദാസ്.എസ്സ്.കെ. | 01.4.2017മുതൽ 31.3.2018വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ജയിൻ.ടി.വി | 01.04.2017 മുതൽ 15.11.2017വരെ |
| | രഞ്ജു.എസ് | 16.11.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ശാലിനി വില്ല്യംസൺ | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ജയകല.പി.വി | 01.04.2017 മുതൽ 06.12.2017വരെ |
| | ധന്യ.എസ് | 07.12.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.നീനാ ചന്ദ്രൻ<br>ഡോ.മനോജ് | 01.04.2017മുതൽ 18.9.2017വരെ<br>18.9.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.സിനി രവീന്ദ്രൻ | 01.04.2017 മുതൽ 6.1.2018വരെ |
| | ഡോ.ലക്ഷ്മി | 7.1.2018 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്സ്, എൽ.പി. എസ്. | മഹിളാമണി | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷിന്ധ്യ.എൽ.കെ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | അജിതകുമാരി.എൽ. | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ദിലീഷ്.എൻ.ഡി. | 01.04.2017 മുതൽ 18.10.2017വരെ |
| | യാമിനി ദാസ് | 19.10.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉറവൂർ സർക്കിൾ) | താരാദേവി<br>അഭിലാഷ് | 01.04.2017 മുതൽ 6.11.2017വരെ<br>07.11.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം സർക്കിൾ) | ലതാ പി.വി<br>അജീഷ് കുമാർ | 01.04.2017 മുതൽ 6.11.20117വരെ<br>7.11.2017 മുതൽ 31.3.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സുദർശനൻ | 01.04.2017 മുതൽ 31.03.2018വരെ |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18-ലെ ബജറ്റ് 27-3-2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 06.03.18-ന് ബജറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,40,92,190 | 18,51,21,600 |
| വാർഷിക കണക്ക് പ്രകാരം | 9,27,65,346 | 7,76,59,576 |

2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര് | ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി |
|---|---|
| വികസനം | 10.01.2017 |
| ക്ഷേമകാര്യം | 09.01.2017 |
| ആരോഗ്യ - വിദ്യാഭ്യാസം | 28.12.2017 |

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് രൂപീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്.

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്- ചെലവ് കണക്കുകളും ബജറ്റ് എസ്ററിമേറ്റും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

സമർപ്പിച്ച തീയതി - 22.5.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-2018 | കെ.എസ്സ്.എ.എ.എൽ.പി./ജി.എ4.1126(2)2018 | വിശേഷണങ്ങളോട് കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21775593 |

| | |
|---|---|
| വരവ് | 70989753 |
| ആകെ | 92765346 |
| ചെലവ് | 77659576 |
| നീക്കിയിരിപ്പ് | 15105770 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | | 20155000 | 20155000 | 18075432 | 2079568 |
| വി.ഫണ്ട് (എസ്.സി.പി) | | 8619733 | 8619733 | 8619733 | - |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | 2055000 | 2055000 | 2055000 | - |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | | 4369000 | 4369000 | 4369000 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 15184962 | 15184962 | 6301525 | 8883437 |
| കെ.എൽ.എസ്. ജി.ഡി.പി | | 3542175 | 3542175 | 3302206 | 239969 |
| എസ്.ബി.ഐ. സീറോ ബാലൻസ് | | 24807 | 24807 | - | 24807 |
| ട്രഷറി റ്റി.എസ്.ബി. (ജനറൽ പർപ്പസ്) | 9154565 | 10143000 | 19297565 | 17473201 | 1824364 |
| എസ്.ബി.ഐ. -സാക്ഷരത | 9279 | 452 | 9731 | - | 9731 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | 38968 | 1686923 | 1725891 | 1652595 | 73296 |
| കാനറാ ബാങ്ക് - ദുരിതാശ്വാസ നിധി | 119675 | 19035 | 138710 | 100 | 138610 |
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 0 | 720000 | 720000 | 720000 | 0 |
| ശുചിത്വ മിഷൻ | 2644157 | 2148549 | 4792706 | 347421 | 4445285 |
| ബി-ഫണ്ട് | 0 | 340080 | 340080 | 340080 | 0 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തനത് ഫണ്ട് | 9757870 | 13087837 | 22845707 | 14352204 | 8493503 |
| ക്യാഷ്(തനത് ഫണ്ട്) | 51079 | 96174 | 147253 | 51079 | 96174 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 160 | 67673614 | 120 | 47378426 | 29 | 11 | 75% |

പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി ഒ (എം എസ്) 72/2017 തസ്വഭവ തീയതി, 29.03.2017) പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. മാർച്ച് മാസമാണ് കൂടുതൽ പദ്ധതി ചെലവും വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്റ്റുകൾ സമയബന്ധിതമായി നിർവ്വഹണം നടത്താൻ സാധിച്ചില്ലായെന്ന് കണക്കാക്കാവുന്നതാണ്. പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്റ്റ് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 38968 | 1686923 | 1725891 | 1652595 | 73296 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 48543733 | 48543733 | 48543733 | -- |
| ആകെ | 38968 | 50230656 | 50269624 | 50196328 | 73296 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 280080 | 479 |
| കർഷകതൊഴിലാളി പെൻഷൻ | 6369200 | 569 |
| വിധവാപെൻഷൻ | 8485400 | 732 |
| വാർദ്ധക്യകാലപെൻഷൻ | 25116600 | 2277 |
| വികലാംഗപെൻഷൻ | 4279500 | 386 |
| അവിവാഹിതപെൻഷൻ | 1554900 | 138 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60,000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.2018, 3.25pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,557രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.
2. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗമിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ യഥാസമയം എഴുതി പരിപാലിക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്തതായി കണ്ടില്ല.
3. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും ജോലിവിഭജനം കൃത്യമായി ഓഫീസ് ഓർഡറിൽ രേഖപ്പെടുത്തപ്പെടുന്നുണ്ട്.
4. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
5. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകളിട്ട് സൂക്ഷിക്കുന്നുണ്ട്. 2017-18 സാമ്പത്തികവർഷം ആകെ ലഭിച്ച 8612 തപാലുകളിൽ 8519 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. 152 ഫയലുകളുടെ നടപടി പുരോഗമിക്കുന്നു.
6. രസീതു വഴിയുള്ള പണം വരവ്, അവയുടെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നില്ല.
7. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നത്. അതിനുവേണ്ടി ഒരു പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
8. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ജൂൺ 2018 | 2018-2019 | 11.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.5.2017 | 2012-2013 മുതൽ 2016-2017 | 1.8.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. employees profession tax ഇനത്തിൽ ഡിമാൻറ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള 1476870/- രൂപ റസീപ്റ്റ് & പെയ്മെൻറിലെ RP-1 ഷെഡ്യൂളിൽ വരവ് ഉണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചറിലെ I-1 ഷെഡ്യൂളിൽ തൊഴിൽനികുതി ഇനത്തിൽ 1506370/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നു
2. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ്

സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. തൻവർഷം ആസ്തിയാർജ്ജിച്ച സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയ തുക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷം ആർജ്ജിച്ച Movable Assets-Office Equipments & Other Equipments (410710103), Movable Assets-Furniture, Fixtures, Fittings & Electrical Appliances (410710104) എന്നിവയുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീയതി,26.07.2011) നടപ്പാക്കിയിട്ടില്ല. 2017-18-ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

4. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 485.43ലക്ഷം രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിലുള്ള തുക 48544733/- രൂപയാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിൽ ഇതുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വരുന്നില്ല.

## 1-13 പദ്ധതി ആസൂത്രണം, മോണിറ്ററിംഗ്- അപാകതകൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസന രേഖകൾ തയാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ജി.ഒ (എം.എസ്) നം. 10/2017/ എൽ.എസ്.ജി.ഡി തീയതി. 09.01.2017 പ്രകാരവും 2017-18 വാർഷിക പദ്ധതി തയാറാക്കുന്നതിന് ജി.ഒ (എം.എസ്) നം. 72/2017/ എൽ.എസ്.ജി.ഡി തീയതി. 29.03.2017 പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. 2017-18 സാമ്പത്തികവർഷത്തെ പദ്ധതി ആസൂത്രണം നടത്തുന്നതിൽ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചുവടെച്ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടി ആവശ്യകതയും, നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സെക്രട്ടറി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചതായി കാണുന്നില്ല. അതേസമയം മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ അതാത് മേഖലയിലെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ പ്രതീക്ഷിത ചെലവ് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. പൗരാവകാശരേഖ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ യോഗം ചേർന്ന് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

2. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഈ മേഖലയിലെ പ്രൊജക്ടുകളിൽ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതുകൊണ്ട് പ്രൊജക്ടുകൾ നടപ്പാകാതെ വരുന്ന സാഹചര്യം വെല്ലുവിളിയായി കണക്കാക്കിയിട്ടുമില്ല. 2017-18 വർഷം ഡി.പി.സി.അംഗീകാരം കിട്ടിയ "പാടശേഖര സമിതികൾക്ക് പവർടില്ലർ" എന്ന പ്രോജക്ട് ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാത്തതുകൊണ്ട് ഉപേക്ഷിക്കേണ്ടി വന്നു. കൃഷി, മൃഗസംരക്ഷണ മേഖലകളിയിൽ പരമ്പരാഗത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ പ്രസ്തുത ഗ്രൂപ്പുകൾ പരിഗണനയ്ക്കെടുത്തതായി കാണുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പോ, നിലവിലുള്ള റോഡുകളുടെ പട്ടികയോ അടിസ്ഥാനപ്പെടുത്തിയല്ല റോഡ് വികസന പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നത്. ഗ്രാമസഭ, വികസനസെമിനാർ എന്നിവിടങ്ങളിൽ നിന്ന് ഉയർന്നുവരുന്ന ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് വാർഡ് തലത്തിൽ റോഡുകളുടെ നിർമ്മാണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടുള്ള പ്രൊജക്ടുകൾ മാത്രമാണ് ഈ മേഖലയിൽ നടപ്പാക്കുന്നത്. വിവിധ തലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെയോ, (ഗ്രാമ-ബ്ലോക്ക്-ജില്ലാ) വിവിധ ഫണ്ടിനങ്ങളുടെയോ സംയോജനം ഉണ്ടാകുന്നില്ല.

3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിലെ ആകെയുള്ള 27 അങ്കണവാടികളിൽ 18 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കി 9 എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 04.03.2017,03.05.2017 എന്നീ തീയതികളിൽ കൂടിയ യോഗങ്ങളിൽ അങ്കണവാടികൾക്ക് കുടിവെള്ളം, സ്വന്തമായി ഭൂമിയുള്ള അങ്കണവാടികൾക്ക് കെട്ടിടം എന്നിങ്ങനെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും ഇതിനനുസൃതമായി

പ്രോജക്ടുകൾ രൂപീകരിക്കപ്പെട്ടില്ല.

4. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങളും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിച്ചിട്ടുണ്ട്. അതേസമയം അജൈവ-പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു. ഇതിനൊരു ശാശ്വത പരിഹാരമാർഗ്ഗം തേടി വിവിധ ഗ്രാമസഭകളിലും, വികസനസെമിനാറിലും ആവശ്യങ്ങൾ ഉയർന്നുവന്നിരുന്നെങ്കിലും ആയത് പരിഹരിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

- വിവിധ പദ്ധതികളുടെ ഭാഗമായി സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം- വാങ്ങൽ നടത്തുന്നതിന് പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടെൻഡർ/ക്വട്ടേഷൻ എന്നിവ നടത്തുന്നത് ഈ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായിട്ടാണ്.
- 2വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകൾ രൂപീകരിച്ച് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം വാങ്ങി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരെ ഏല്പിച്ച് കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥരെ ഒഴിവാക്കി മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പലപ്പോഴും ഉണ്ടാകുന്നില്ല. മോണിറ്ററിംഗ് സമിതിയുടെ വിലയിരുത്തലിന്റെ അഭാവത്താൽ പ്രൊജക്ടുകളുടെ ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന പരിശോധന നടക്കുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ – ശ്രീമതി ജയിൻ ഏണസ്റ്റ്

കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ:

*ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ*

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 2017-18 വർഷത്തിൽ 15 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതിൽ പ്രതിമാസ വരവ്- ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നുണ്ട്. നികുതി സംബന്ധമായി വസ്തുനികുതി പരിഷ്കരണം, പരാതി പരിഹാര അദാലത്തുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കുന്നതിനോ ഉപയോഗ രഹിതമായ പൊതുടാപ്പുകൾ കുറവ് ചെയ്യുന്നതിനായി പൊതു ടാപ്പുകളുടെ വാർഡുതല കണക്കെടുപ്പ് നടത്തി പഞ്ചായത്തിനെ അറിയിക്കുന്നതിനോ ക്രിയാത്മകമായ തീരുമാനങ്ങൾ അതാത് ജനപ്രതിനിധികളെ ചുമതലപ്പെടുത്തി തീരുമാനം എടുത്തത് വഴി ധനനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർ നിരീക്ഷണങ്ങൾ ഇല്ലാത്തതിനാൽ ആയത് ഇതുവരെ നടപ്പിലായിട്ടില്ല.

തനത് വരുമാന വർദ്ധനവിനായി പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ എല്ലാംതന്നെ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും തീരുമാനമെടുക്കുന്ന കാര്യങ്ങളിൽ തുടർ നിരീക്ഷണങ്ങൾ നടത്തിയാൽ പഞ്ചായത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

## 2-1-1 രസീത് പരിശോധന- തുക ഒടുക്കിയതിൽ കുറവ്

ഔട്ട് ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാന്വൽ രസീതുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുകയും അവയുടെ അടവും തമ്മിൽ വ്യത്യാസം ഉണ്ട്.

| ക്രമ നം | രസീത് ബുക്ക് നം | രസീത് നം | തീയതി | രസീതു പ്രകാരമുള്ള വരവ് | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 3072 | 76 to 82 | 27.3.2018 | 2380 | 2180 | 200/- |
| 2 | “ | 49 to 61 | 22.3.2018 | 5328 | 5556 | -226/- |
| 3 | 3068 &3072 | 94 to 100<br>1 to 10 | 19.3.2018 | 7593 | 7427 | 166/- |
| 4 | 3059 | 57 | 27.12.2017 | 672 | 612 | 60/- |
| 5 | 3074 | 99 | 31.3.2018 | 1172 | 172 | 1000/- |
| 6 | “ | 65 to 80 | 30.3.2018 | 17632 | 16900 | 732/- |
| 7 | “ | 50 to 60 | 28.3.2018 | 11992 | 11963 | 29/- |

ക്യാഷ് കൌണ്ടറിൽ ഒടുക്കിയ തുകയിൽ വ്യത്യാസം വന്നത് സംബന്ധിച്ചും, ഗ്രാമ പഞ്ചായത്തിൻെറ ദൈനംദിന പണം പിരിവ്, ഒടുക്ക്, പിൻവലിക്കൽ എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിശദാംശങ്ങളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 12.7.18 ൽ ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.3) നൽകിയിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ കുറവ് വന്ന തുക പലിശ ഉൾപ്പെടെ 2,277/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ലഭ്യമാക്കിയ മറുപടിയിൽ ദൈനംദിന പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തുന്നതിനായി ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നുവെന്നും എന്നാൽ മാർച്ച് മാസത്തെ തിരക്കു മൂലമാണ് അപാകത ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പണമിടപാടുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-1-2 തൊഴിൽ നികുതി-അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. തുറവൂർ ബി.എസ്.എൻ.എൽ ലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2. ആദിത്യ ബിർള റീട്ടെയ്ൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ശ്രീമതി.ഇന്ദിര എന്നയാളുടെ ഒന്നാം അർദ്ധവർഷ വരുമാനം 63360/-രൂപയെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തൊഴിൽ നികുതിയായി 600/-രൂപ ഈടാക്കേണ്ടതിന് പകരം 450/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/18.7.18) ലഭ്യമാക്കിയ മറുപടിയിൽ, പിഴ പലിശ സഹിതം തുക അടക്കുവാനാവശ്യപ്പെട്ട് ടി സ്ഥാപനത്തിനും കുറവ് വന്ന തുക ഒടുക്കുവാനാശ്യപ്പെട്ട് ടി വ്യക്തിക്കും കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കുന്ന മുറയ്ക്ക് രേഖകൾ

പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-1-3 ബിൽഡിംഗ് പെർമിറ്റ് -അധിക നിരക്ക് ഈടാക്കുന്നു

കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കാറ്റഗറി II പഞ്ചായത്തുകളിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് യഥാക്രമം 3/-രൂപ, 5/-രൂപ എന്നിങ്ങനെയാണ് സങ്കേതം സോഫ്റ്റ്‌വെയർ വഴി ഈടാക്കുന്നത്. എന്നാൽ തുറവൂർ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 4.5/-രൂപ, 7.5/-രൂപ എന്നീ നിരക്കുകളിലാണ് 01.04.2017 മുതൽ ഈടാക്കിയിട്ടുള്ളത്. പെർമിറ്റ് ഫീസ് വർദ്ധനവ് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ജനറൽ കമ്മിറ്റിയിലോ ചർച്ച ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/18.7.2018) ലഭ്യമാക്കിയ മറുപടിയിൽ 23.9.2014 ലെ സ.ഉ.നം 409/2014 പ്രകാരം വിവിധ വകുപ്പുകൾ വഴി സർക്കാർ നൽകുന്ന സേവനങ്ങളുടെ ഫീസ് 01.04.2014 മുതൽ പുതുക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് ഫീസ് ഉയർത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്ഥാപനങ്ങളിലെ തനത്ഫണ്ട് വരുമാനത്തിൽപ്പെടുന്ന പെർമിറ്റ് ഫീസ്, ഈ ഉത്തരവിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ പെർമിറ്റ് ഫീസ് വർദ്ധനവ് പുന:പരിശോധിക്കേണ്ടതാണ്.

## 2-1-4 വാടക വർദ്ധന വരുത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എൻ പി തണ്ടാർ സ്മാരക മന്ദിരം 18.2.2004 മുതൽ വ്യവസ്ഥകൾക്കു വിധേയമായി, വാടക കരാർ വ്യവസ്ഥയിൽ കാലടി ശ്രീ ശങ്കരാ സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. 9.1.2008 ൽ കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ 15% വാടക അധികരിച്ച് കരാർ പുതുക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും നിലവിലുള്ള വാടകയായ 9600/-രൂപയിൽ കരാർ പുതുക്കുന്നതിന് സമ്മതിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ പുതിയ ഉത്തരവ് വരുന്നതനുസരിച്ച് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് വിധേയമായി കരാർ വ്യവസ്ഥയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായി വാടകയിൽ യാതൊരുവിധ വർദ്ധനവും വരുത്തുകയോ വർദ്ധനവുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടത്തുകയോ ചെയ്തിട്ടില്ല. എന്നാൽ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെ വാടക പ്രതിവർഷം 5% നിരക്കിൽ വർദ്ധിപ്പിക്കുന്നുണ്ടെന്നിരിക്കെ ടി കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിക്കാത്തത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ഒന്നും തന്നെ ഇല്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.4/18.7.2018) ലഭ്യമാക്കിയ മറുപടിയിൽ, അടുത്ത കമ്മിറ്റിയിൽ തന്നെ ഈ വിഷയം അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യുന്നതാണെന്നും സ്വീകരിക്കുന്ന തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും ഈ കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും നടത്തിയിട്ടില്ല. ഈ വിഷയം അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്ത് തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-1-5 അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പൊതുവിദ്യാഭ്യാസവകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ചു നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല എന്നതാണ്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഈ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത്

തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 2-1-6 ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 58,220/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർത്തിട്ടുള്ളത് കാണുക. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 2-1-7 വസ്തുനികുതി അപാകതകൾ

1. ഡാറ്റാ എൻട്രിയിലെ അപാകത മൂലം വരുമാനത്തിൽ കുറവ്

ശ്രീ.ഷിൻഡേദേവ്, അശ്വതി നിവാസ്, ഉറവൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന 8/130 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 180$m^2$ ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയിച്ചപ്പോൾ ചതുരശ്ര മീറ്ററിന് 60/-രൂപയ്ക്കു പകരം ഈ കെട്ടിടത്തെ 100$m^2$ൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 45/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.16/17.07.2018) ലഭ്യമാക്കിയ മറുപടിയിൽ, നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വരികയാണെന്നും അധിക നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം മുൻകാല പ്രാബല്യത്തിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

2. പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നൽകുകയും ഈ കെട്ടിടത്തിന്റെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി നിർണ്ണയിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ 11.01.2012ലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി, 1 ചതുരശ്രമീറ്ററിന് 60/-രൂപ നിരക്കിൽ ഈടാക്കാവുന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 45/-രൂപയാണ് ഈടാക്കുന്നത്. ഇത്തരം കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | ജയകൃഷ്ണൻ, കിഴക്കേ പുതിയേടത്ത്, ഉറവൂർ | 5/308, 5/308A, 5/309, 5/310, 5/310A, 5/310B, 5/310C, 5/310D, 5/310E, 5/310F, 5/310G, 5/310H, | 516.12ച.മീ. |

| | | | |
|---|---|---|---|
| | | 5/310I | |
| 2 | കെ.ആർ.ജോസഫ്, കുന്നേൽ, ഉറവൂർ | 218A, 218B, 218, 218D, 218E, 218F, 218G | 142.66 ച.മീ. |

ഒരു ഉടമയുടെ പേരിലുള്ള ഒരേ ആവശ്യത്തിന് (വാണിജ്യം) ഉപയോഗിച്ചു വരുന്ന ഇത്തരം കെട്ടിടങ്ങളുടെ നികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ മുറികളുടേയും നികുതി പ്രത്യേകം കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിരിക്കുന്നു. ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഒന്നിച്ച് നിർണ്ണയിച്ച ശേഷം ആവശ്യമെങ്കിൽ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നൽകാവുന്നതാണ്. ആയതിനാൽ ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയം പുന: പരിശോധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

### 3-1-1) ആസൂത്രണത്തിലെ പാളിച്ച മൂലം പദ്ധതികൾ നടപ്പാക്കാനാവാതെ ഉപേക്ഷിക്കേണ്ടി വരുന്നു

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുവാൻ 84 പദ്ധതികളാണ് രൂപീകരിച്ചിരുന്നത്. സ്പിൽ ഓവറായി 48 പ്രോജക്ടുകളും പുതുതായി 36 പ്രോജക്ടുകളും. ഇതിൽ 61 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. രൂപീകരിച്ചിരുന്ന 6 പദ്ധതികൾ പൂർണമായും ഉപേക്ഷിക്കേണ്ടതായി വന്നു. ഉപേക്ഷിച്ച പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഉപേക്ഷിക്കാനുണ്ടായ കാരണം |
|---|---|---|
| 1 | കുന്നേൽ കാന നിർമ്മാണം | സാധനസാമഗ്രികൾ സൈറ്റിൽ എത്തിക്കുവാനുള്ള കണക്ടിവിറ്റി ഇല്ല. |
| 2 | ആല്യംവരമ്പത് - പുരന്ദരേശ്വരം റോഡ് കോൺക്രീറ്റിംഗ് | സി.എഫ്.സി. ഗ്രാന്റ് ആയിരുന്നു പ്രോജക്ടിനായി വകയിരുത്തിയത്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി അനുവദനീയമല്ല |
| 3 | 14-ാം വാർഡിലെ പകൽവീടിന്റെ ചുറ്റുമതിൽ നിർമ്മാണം | ചുറ്റുമതിൽ നിർമ്മാണം സമീപത്തെ അമ്പലത്തിലേയ്ക്കുള്ള പ്രവേശനത്തെ തടസ്സപ്പെടുത്തുമെന്നതിനാൽ |
| 4 | 126-ാം നമ്പർ അങ്കണവാടിയുടെ ടോയ്‌ലെറ്റ് നിർമ്മാണം | അൺഫിറ്റായ കെട്ടിടത്തിൽ ടോയ്‌ലെറ്റ് നിർമ്മാണം പ്രായോഗികമല്ല |
| 5 | തോണിത്തോട് കുന്നതറ സംരക്ഷണ ഭിത്തി നിർമ്മാണം | ലൈഫ് മിഷൻ പ്രോജക്ടിനായി ഫണ്ട് വകയിരുത്തിയതിനാൽ |
| 6 | ഗുരമന്ദിരം വടക്കേക്കാട് വാലേപറമ്പ് നടപ്പാത | കൺസന്റ് ലഭിച്ചില്ല |

| | | |
|---|---|---|
| | നിർമ്മാണം | |

2017-18 വാർഷിക പദ്ധതി തയാറാക്കുന്നതിന് ജി.ഒ (എം.എസ്) നം. 72/2017/എൽ.എസ്.ജി.ഡി തീയതി. 29.03.2017 എന്ന സർക്കാർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് ചുവടെ കൊടുത്തിട്ടുള്ള 9 ഘട്ടങ്ങൾ അവലംബമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(1) ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(2) വികസനരേഖ തയ്യാറാകൽ

(3) ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ

(4) വികസനസെമിനാർ

(5) വാർഷിക പദ്ധതികൾക്ക് അന്തിമ രൂപം നൽകൽ

(6) പ്രോജക്റ്റുകൾ തയാറാക്കൽ

(7) വാർഷിക പദ്ധതിയ്ക്ക ജില്ലാ ആസൂത്രണ സമിതി അംഗീകാരം

(8) പ്രോജക്റ്റുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

(9) വാർഷിക പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും

ഇതിൽ നിന്നും 5 ഘട്ടങ്ങൾക്ക് ശേഷമാണ് പ്രോജക്റ്റുകൾ തയാറാക്കേണ്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്. തൻവർഷം ഉപേക്ഷിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ ഈ 6 പ്രോജക്റ്റുകൾ തയാറാക്കുന്നതിന് മുൻപായി മേൽപറഞ്ഞ 5 ഘട്ടങ്ങളിലൂടെ കടന്നുപോയെങ്കിലും അതാത് ഘട്ടങ്ങളിൽ പ്രോജക്റ്റുകളുടെ നടപ്പിലാക്കാനുള്ള സാധ്യത, പ്രായോഗികത എന്നിവ വിലയിരുത്തിയില്ല. മുന്നൊരുക്കവും Feasibility പഠനവും നടത്താതെ പ്രോജക്റ്റുകൾ രൂപീകരിക്കപ്പെട്ടതിനാൽ പ്രസ്തുത പ്രോജക്റ്റുകൾ ഉപേക്ഷിക്കേണ്ടി വന്നു. മാത്രമല്ല ഇതിനായി പകരം പ്രോജക്റ്റുകൾ രൂപീകരിക്കാനുള്ള വിലയേറിയ സമയവും നഷ്ടമായി.മേൽപട്ടികയിൽ പ്രസ്താവിച്ചിട്ടുള്ള 6 പ്രോജക്റ്റുകളിൽ ക്രമ നം. 1 ന പകരമായി പ്രതിഭ-ഇല്ലിക്കൽ റോഡിന് കല്ലുകെട്ട് എന്ന പദ്ധതി മാത്രമാണ് ഏറ്റെടുക്കാൻ സാധിച്ചത്. വികേന്ദ്രീകൃതാസൂത്രണപ്രക്രിയയുടെ സത്ത ഉൾക്കൊണ്ട് പ്രാദേശികവികസനത്തിന് പൂർണ്ണമായി അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാനും, ആയതിന്റെ ആസൂത്രണ-നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്താനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-1-2 ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല- 17,000/- രൂപ നഷ്ടം

2017-18 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റ്യുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. തൻവർഷം ടി പ്രവൃത്തികൾക്കായി കരാറുകാർക്കായി ഇപ്രകാരം ആകെ 68ബാരൽ ടാറാണ് ഉപയോഗിച്ചിട്ടുള്ളത്. തൻമൂലം ഈയിനത്തിൽ 17,000/- രൂപ കുറവാക്കിയതിനു ശേഷം മാത്രമേ കരാറുകാർക്ക് തുക നൽകേണ്ടതുള്ളൂ.

പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

<u>പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമ നം. | പ്രോജക്റ്റ് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽനം./ തീയതി | പ്രവൃത്തി മൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ്, അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | മന്നത്ത് -പുളിത്തറ റോഡ് പുനരുദ്ധാരണം - വാർഡ് 8<br>പ്രോ.നം. 155/18<br>കരാറുകാരൻ-ആർ. നാരായണൻ<br>കരാർ നം. 26/AE/LSGD/<br>TVR/17-18 /06.01.2018 | 200000/-<br>(വി.ഫ.<br>ധ.ക.ഗ്രാ) | 198855/-<br>(CC 1st & Final Bill) | 294/17-18/<br>22.03.18 | 198855/- | 1046.39 കി.ഗ്രാം<br>MBNo. 18/TVR /17-18<br>Page No.13<br>(7 ബാരൽ) | 1750/- |
| 2 | പള്ളിപ്പാട് -നാറാണത്ത് റോഡ് മെറ്റലിംഗം ടാറിംഗം- വാർഡ് 5<br>പ്രോ.നം. 149/18<br>കരാറുകാരൻ- അരവിന്ദ് എൻ.എ.<br>കരാർ നം.15/AE /LSGD/<br>TVR/17-18 /08.12.2017 | 5,00,000/-<br>(വി.ഫ.<br>ധ.ക.ഗ്രാന്റ്) | 468156/-<br>(CC 1st & Final Bill) | 257/17-18/<br>14.03.18 | 468156/- | 1667.95കി.ഗ്രാം<br>MBNo. 24/TVR /17-18<br>Page No.21<br>(10 ബാരൽ) | 2500/- |
| 3 | അംബേദ്കർ കോളനി റോഡ് മെറ്റലിംഗം ടാറിംഗം- വാർഡ് 1<br>പ്രോ.നം. 68/18<br>കരാറുകാരി- പ്രവീണ രതീഷ്<br>കരാർ നം.<br>05/AE/LSGD/TVR/<br>17-18/25.09.2017 | 6,50,000/-<br>(വി.ഫ.- 5,10,000/-<br>ത.ഫ-1,14,000/-) | 613522/-<br>(CC 1st & Final Bill) | 238/17-18/<br>06.03.18<br>TRY ചെക്ക് നം. SB/XY/ 1121844/<br>05.03.18 | 613522/-<br>(അടങ്കലിൽ നിജ പ്പെടുത്തിയത് പ്രകാരം) | 1899കി.ഗ്രാം<br>MBNo. 23/TVR /17-18<br>Page No.15<br>(12 ബാരൽ) | 3000/- |
| 4 | മാതോടത്ത് പൊൻവേലി കോളനി റോഡ് മെറ്റലിംഗം ടാറിംഗം- വാർഡ് 9<br>പ്രോ നം. 86/18<br>കരാറുകാരൻ- പി.എസ്. സുനിൽകുമാർ | 4,00,000/-<br>(മെ.ഫ. റോഡ്) | 3,56,466/-<br>(CC 1st & Final Bill) | 270/17-18/<br>17.03.18 | 356466/- | 1424.25കി.ഗ്രാം<br>MBNo.71/TVR /16-17<br>Page No.12<br>(9 ബാരൽ) | 2250/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കരാർ നം.20/AE /LSGD/<br>TVR/17-18/14.12.17 | | | | | | |
| 5 | കലാരംഗം -എസ്.എൻ.ഡി.പി പുനരുദ്ധാരണം- വാർഡ് 5<br>പ്രോ നം. 80/18<br>കരാറുകാരൻ- ആർ. നാരായണൻ<br>കരാർ നം.25/AE /LSGD/<br>TVR/17-18/06.01.18 | 3,00,000/- (വി.ഫ. ധ.ക.ഗ്രാന്റ്) | 2,95,141/-<br>(CC 1st & Final Bill) | 292/17-18/<br>22.03.18 | 295141/- | 1354.79കി.ഗ്രാം<br>MBNo.14/TVR /17-18<br>Page No.13<br>(8ബാരൽ) | 2000/- |
| 6 | എച്ച്.എൻ. നരയൻ റോഡ് മെറ്റലിംഗും ടാറിംഗും- വാർഡ് 5<br>പ്രോ നം. 79/18<br>കരാറുകാരൻ- ആർ. നാരായണൻ<br>കരാർ നം.23/AE /LSGD/<br>TVR/17-18/06.01.18 | 3,00,000/- (വി.ഫ. ധ.ക.ഗ്രാന്റ്) | 2,73,581/-<br>(CC 1st & Final Bill) | 293/17-18/<br>22.03.18 | 273581/- | 1012.80കി.ഗ്രാം<br>MBNo.12/TVR /17-18<br>Page No.21,22<br>480 എം2<br>(6 ബാരൽ) | 1500/- |
| 7 | വെളിയിൽ ചേനപറമ്പ് റോഡ് മെറ്റലിംഗും ടാറിംഗും- വാർഡ് 3<br>പ്രോ നം. 71/18<br>കരാറുകാരി- പ്രവീണ രതീഷ്<br>കരാർ നം.04/AE /LSGD/<br>TVR/17-18 /25.09.2017 | 6,00,000/- (വി.ഫ. ധ.ക.ഗ്രാന്റ്) | 5,33,972/-<br>(CC 1st & Final Bill) | 244/17-18/<br>08.03.18 | 533972/- | 1519.20കി.ഗ്രാം<br>MBNo. 05/TVR /17-18<br>Page No.13<br>(9 ബാരൽ) | 2250/- |
| 8 | നാട്ടുവിലേഴത്ത്- ചാണിയിൽ റോഡ് മെറ്റലിംഗും ടാറിംഗും- വാർഡ് 8<br>പ്രോ നം. 86/18<br>കരാറുകാരൻ- വരദകുമാർകെ.ഡി.<br>കരാർ നം. | 3,00,000/- (മെ.ഫ. റോഡ്) | 2,81,146/-<br>(CC 1st & Final Bill) | 222/17-18/<br>27.02.18 | 281146/- | 1107.75കി.ഗ്രാം<br>MBNo.69/TVR /16-17<br>Page No.10<br>(7 ബാരൽ) | 1750/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | 12/AE/LSGD/<br>TVR/17-18/28.11.2017 | | | | | | |
| | | | | ആകെ | | 68 എണ്ണം | 17,000/-<br>രൂപ |

ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിയതിനാൽ കരാറുകാരനിൽ നിന്നും കാലി വീപ്പ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ നിരക്ക് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 20/18.07.2018)ടെണ്ടർ ചെയ്തിട്ടുള്ള ടാറിംഗ് പ്രവൃത്തികളിൽ വർക്ക് ബില്ലിൽ നിന്നും ബാരലിന്റെ വിലയായി 250/-രൂപ നിരക്കിൽ കുറവ് ചെയ്യാൻ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് അതാത് കരാറുകാരിൽ നിന്നും ഈടാക്കി തിരികെ അടയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തുക ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ 17000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിലനിർത്തുന്നു.

## 3-1-3 തോണിത്തോട് കല്ല് കെട്ട് - അധിക നിരക്ക് നൽകി

2016-17 വർഷം സാങ്കേതികാനുമതി ലഭിച്ച (TS No. 84451/2016-17) (19/17) തോണിത്തോട് കല്ല് കെട്ട് എന്ന പ്രോജക്ട് സ്പിൽ ഓവറായി 2017-18 വർഷം ഏറ്റെടുത്ത് നടപ്പാക്കിയതിൽ (സ്പിൽ ഓവർ നം. 64/18). പ്രോജക്ട് എസ്റ്റിമേറ്റ് ഇനം 2 ആയി തയാറാക്കിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റ (സ്പെസിഫിക്കേഷൻ കോഡ് 50.7.1.1 DsoR 2014 with Cl 53.33%) പ്രകാരം കല്ല് കെട്ടുന്നതിനുള്ള (Dry rubble masonry ) കൺവീനർ പ്രവൃത്തിയുടെ നിരക്ക് എം$^3$ ന് 3040.54/- ആയാണ് നൽകിയിരിക്കുന്നത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള എല്ലാ കല്ലുകെട്ടൽ പ്രോജക്ടുകളിലും ഇറിഗേഷൻ വകുപ്പിന്റെ അംഗീകൃത ഡാറ്റ പ്രകാരമാണ് നിരക്ക് നൽകിയിരിക്കുന്നത്. അതായത് കരാറുകാരുടെ നിരക്കിൽ എം$^3$ ന് 3029.42/- സ്പെസിഫിക്കേഷൻ കോഡ് നം. 60.7.1 DsoR 2016 with Cl 57.84% including CP. ഇതിനനുസൃതമായി കോസ്റ്റ് ഇൻഡക്സ് 53.33%, DsoR 2014 പ്രകാരം തോണിത്തോട് കല്ല് കെട്ട് പ്രോജക്ടിലെ Dry Rubble Masonry പ്രവൃത്തിയ്ക്ക് അർഹമായ കൺവീനർ നിരക്ക് താഴെ കൊടുക്കുന്നു.

60.7.1 DRY RUBBLE MASONRY _ Dry rubble without concrete levelling course masonry with good quality blasted rubble including packing to compactness to lines and levels cost and conveyance of all materials labour charges etc. complete as per direction of Departmental officers at site

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | "Details of cost for 1 cum.<br>Material | | | | |
| 1157 | Stone for masonry work | cum | 1.05 | 900.00 | 945.00<br>. |
| 2215 | Carriage of Soling stone & masonry stone<br>Labour | cum | 1.05 | 125.28 | 131.54 |
| 0125 | Mason (for plain stone work) 2nd class | Day | 0.8 | 399.00 | 319.20 |
| 0114 | Beldar | Day | 0.7 | 329.00 | 230.30 |

| | |
|---|---|
| TOTAL | 1626.04 |
| Add Water Charges @ 1% | 16.26 |
| TOTAL | 1642.30 |
| Add OH @ 7.5% | 123.17 |
| Cost of 1.0 cum | 1765.47 |
| Say | 1765.47 |
| Cost index 53.3% | 941.53 |
| Total with Cost index | 2707.00 |
| Say | 2707 /- per cum |

അനുവദിച്ച തുക = 39.03 എം$^3$ @ 3040.50/-=> 1,18,670.72/-

അർഹമായ തുക= 39.03 എം$^3$ @ 2707/-=> 1,05,654.21/-

അധികം = 13,016/- രൂപ

1 എം.$^3$ ന് 2707/- എന്ന നിരക്കിന് പകരം 3040.54/- എന്ന നിരക്കിൽ 39.03 എം$^3$ ന് തുക (എം.ബുക്ക് 57/TVR/16-17 Page No.9) അനുവദിച്ചത് മൂലം 13,016/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.22/19.07.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ 13016/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*പ്രോജക്റ്റിന്റെ വിശദാംശങ്ങൾ*

പ്രോ നം. 64/18

അടങ്കൽ: 2 ലക്ഷം(വി.ഫ)

ചെലവ്:1,21,205/-( ബിൽ നം. 252/17/18 തീയതി,14.03.2018)

ഗുണഭോക്തൃ സമിതി കൺവീനർ: എം. വി. ബൈജു

കരാർ നം. 57/AE/LSGD/TVR/16-17/31.03.17

എം. ബുക്ക് നം.-57/TVR/16-17

CC 1st & Part Bill

പ്രവൃത്തി മൂല്യം: 121205/-

റീടെൻഷൻ, നികുതികൾ കിഴിച്ച് കൺവീനർക്ക് നൽകിയ തുക- 99,389/-

എസ്റ്റിമേറ്റ്, പാർട്ട് ബിൽ തയാറാക്കിത്: ദിലീഷ് എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ

## 3-1-4 ഗ്രാവലിംഗിലും മെറ്റലിംഗിലുമായി ഒതുങ്ങുന്ന റോഡ് പ്രവൃത്തികൾ -ഭാവിയിൽ അധിക ചെലവിന് സാധ്യത

ഗ്രാമ പഞ്ചായത്ത് 2016-17 വർഷം 4 ഗ്രാവൽ പ്രവൃത്തികളും 6 റോഡ് മെറ്റലിംഗ് പ്രവൃത്തികളും, 2017-18 വർഷം 16 റോഡ് മെറ്റലിംഗ് പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

2016-17

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | വിനിയോഗിച്ച ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 1 | 23/17 ഇണ്ടംതുരുത്ത് - വടക്കേക്കാട് റോഡ് നിർമ്മാണം (നാലാം ഘട്ടം) | എസ്.സി.പി | 318314 |
| 2 | 30/17 കുറ്റിട-പരവയ്ക്കൽ റോഡ് നിർമ്മാണം | വി.ഫ. | 289603 |
| 3 | 52/17 മുല്ലശ്ശേരി-കരീത്തറ റോഡ് നിർമ്മാണം | എസ്.സി.പി | 204181 |
| 4 | 86/17 വെളിയിൽ ചേനപ്പറമ്പ് റോഡ് മെറ്റലിങ്- ward 2 | മെ.ഫ. റോഡ് | 190582 |
| 5 | 94/17 തുരുത്തിപ്പള്ളി-ഏറ്റുവേലി റോഡ് മെറ്റലിങ്- ward 6 | എസ്.സി.പി | 238649 |
| 6 | 114/17 വള്ളാംതറ-കാരാളം റോഡ് മെറ്റലിങ്-ward 14 | ത.ഫണ്ട് | 28626 |
| 7 | 116/17 മുതുകേൽ- മൂലക്കളം റോഡ് മെറ്റലിങ് മൂന്നാം ഘട്ടം -ward 15 | എസ്.സി.പി | 322222 |
| 8 | 118/17 ഇല്ലിക്കൽ പഞ്ചായത്ത് പാലം റോഡ് മെറ്റലിങ്-ward 18 | മെ.ഫ റോഡ് | 117251 |
| 9 | 122/17 ഇണ്ടംതുരുത്ത് - വടക്കേക്കാട് റോഡ് മെറ്റലിങ് | എസ്.സി.പി | 212311 |
| 10 | 19/17 കൈതക്കാട് - പാലത്തുട്ട് റോഡ് നിർമ്മാണം മൂന്നാം ഘട്ടം | വി.ഫ. | 210259 |

2017-18

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | വിനിയോഗിച്ച ഫണ്ട് | ചെലവ് തുക |
|---|---|---|---|
| 1 | 18/18 പഴയ തീപ്പെട്ടി കമ്പനി റോഡ് മെറ്റലിങ്-ward 2 | മെ.ഫ. റോഡ് | 143383 |
| 2 | 19/18 പെരുമന ദേശതോട് റോഡ് മെറ്റലിങ്- ward 4 | മെ.ഫ. റോഡ് | 276868 |
| 3 | 20/18 ആലുങ്കൽ-കരീത്തറ റോഡ് മെറ്റലിങ്- ward 2 | എസ്.സി.പി | 203988 |
| 4 | 21/18 വാത്തികുളം റോഡ് | മെ.ഫ. റോഡ് | 139878 |

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | വിനിയോഗിച്ച ഫണ്ട് | ചെലവ് തുക |
|---|---|---|---|
| | മെറ്റലിങ്- ward 8 | | |
| 5 | 23/18 നേതാജി- എസ് എൻ ഡി പി റോഡ് മെറ്റലിങ് -ward 11 | മെ.ഫ. റോഡ് | 136026 |
| 6 | 24/18മിൽമ -ചാണിയിൽ റോഡ് മെറ്റലിങ്-ward 13 | മെ.ഫ റോഡ് | 188154 |
| 7 | 25/18 വള്ളാംതറ-കാരാളം റോഡ് മെറ്റലിങ് - ward 14 | മെ.ഫ റോഡ് | 116095 |
| 8 | 48/18 മൂലയിൽ കോതവന റോഡ് മെറ്റലിംഗ്- ward 11 | മെ.ഫ റോഡ് | 132725 |
| 9 | 49/18 കുഞ്ഞാലിക്കൽ പരമ്പരപ്പള്ളി റോഡ് മെറ്റലിംഗ്. – ward 14 | എസ്.സി.പി | 146328 |
| 10 | 50/18 ജനത റോഡ് മെറ്റലിംഗ്. -ward 15 | സി.എഫ്.സി | 66995 |
| 11 | 53/18 പുന്നയ്ക്കൽ റോഡ് മെറ്റലിംഗ്.-ward 1 | തനത് ഫണ്ട് | 140289 |
| 12 | 59/18ചേനപ്പറമ്പ് വെളിയിൽ റോഡ് മെറ്റലിംഗ്- ward 2 | വി.ഫ. | 132569 |
| 13 | 60/18 കുറ്റിട കരേച്ചിറ റോഡ് മെറ്റലിംഗ്- ward 2 | വി.ഫ. | 173520 |
| 14 | 61/18 എസ്.സി.എസ്.എച്ച്.എസ് മണ്ണാശ്ശേരിത്തറ റോഡ് മെറ്റലിംഗ്-ward 5 | വി.ഫ. | 180512 |
| 15 | 62/18 വള്ളാന്തറ വെളിപറമ്പ് റോഡ് മെറ്റലിംഗ്-ward 15 | വി.ഫ. | 115029 |
| 16 | 63/18 കൈതക്കാട്ട് പാലത്തുട്ട് റോഡ് മെറ്റലിംഗ്-ward 4 | വി.ഫ. | 296522 |

മേൽ പ്രവൃത്തികളിന്മേൽ തുടർ പ്രവൃത്തികൾ ചെയ്തതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. മെറ്റലിംഗ് ചെയ്തിന ശേഷം വർഷങ്ങളായിട്ടും ടാറിംഗ് നടത്താതിരുന്നാൽ മെറ്റൽ ഇളകിപ്പോകാനും വീണ്ടും ബേസ്/സബ് ബേസ് പ്രവൃത്തികൾ ചെയ്യേണ്ടതായും വരും. അതേ പോലെ ഗ്രാവൽ പാതയിന്മേൽ മെറ്റലിംഗും ടാറിംഗും യഥാസമയം നടത്തിയില്ലെങ്കിൽ ഗ്രാവൽ റോഡുകൾ നാശോന്മുഖമായി തീരാനും ഇടയാക്കും.

ഗ്രാമ പഞ്ചായത്ത് റോഡ് രജിസ്റ്റർ ശരിയായി പരിപാലിക്കാത്തതിനാലാണ് തുടർ പ്രവൃത്തി ആവശ്യമായ റോഡുകളിൽ നടപടിയൊന്നും ഉണ്ടാവാത്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവയുടെ അഭാവത്താൽ ഫണ്ട് വാർഡ് തലത്തിൽ വീതം വെച്ച് പോകാനും കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ് ചെലവാകാനും ഇടയാക്കുന്നു. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ റോഡ് അറ്റകുറ്റപ്പണിയിൽ സമഗ്ര കാഴ്ചപ്പാട് ഇല്ലാതെയാകുന്നു. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പും കാര്യക്ഷമമായി ഇടപെടൽ നടത്തുന്നില്ലായെന്ന് മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ഗ്രാവൽ, മെറ്റൽ റോഡുകളിൽ യഥാസമയം തുടർപ്രവൃത്തികൾ ചെയ്തില്ലെങ്കിൽ ഭാവിയിൽ അധിക ചെലവിന് സാധ്യത ഏറെയുള്ളതിനാൽ റോഡുകളിൽ തുടർപ്രവൃത്തികൾ നടത്തി ഗതാഗതം സുഗമമാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ

ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-1-5 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകതകൾ

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of Completion) രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകൾ, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. കൂടാതെ കാലഹരണപ്പെട്ട വ്യവസ്ഥകളാണ് കരാർ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(4) ഒടുക്കേണ്ട നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5) മിക്ക മരാമത്ത് പ്രവൃത്തികളുടേയും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(6) ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ഇ.എം. ഡി. യുടെ വിശദാംശങ്ങളും കോളം -3 ൽ രേഖപ്പെടുത്തുന്നില്ല.

പ്രോജക്ട് ഫയലുകളിലേയും അനുബന്ധ രജിസ്റ്ററുകളിലേയും ഇത്തരം അപാകങ്ങൾ നിർവ്വഹണ പ്രക്രിയയെ സാരമായി ബാധിക്കുന്നു. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ കൃത്യമായ മേൽനോട്ടം സുഗമമാക്കേണ്ടതാണ്.

## 3-1-6 ഗുണഭോക്തൃസമിതി കൺവീനർ മുഖേനയുള്ള കരാർ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ് അധികം നൽകി

MoRD സ്പെസിഫിക്കേഷനിൽ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ, എസ്റ്റിമേറ്റ് ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിട്ടുള്ളത് 10% ഓവർഹെഡ് ചാർജജ് കൂടി ഉൾപ്പെടെയാണ്.

| പ്രോജക്ടിന്റെ വിശദാംശം | പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകിയ തുക |
|---|---|---|
| കൈതക്കാട്ട് പാലത്തുട്ട് റോഡ് മെറ്റലിംഗ്(പ്രോ.നം.63/18)<br>അടങ്കൽ:3 ലക്ഷം( വി.ഫ)<br>ബിൽ നം. :28/16-17 /31.07.17<br>എം. ബുക്ക് നം. :31/TVR /16-17<br>കരാർ നം:53/AE /LSGD/TVR/16-17 /30.03.17 | 296486/- | 272801/-(നികുതികൾ,മറ്റ് കിഴിവുകൾ കിഴിച്ച്)<br>കൺവീനർ-രാജു മാധവൻ |

ജി.ഒ.(പി)30/2016/ധനം തീ:29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്ന ഓവർഹെഡ് ചാർജജ് 7.5% മാത്രമാണ്.

ആയത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ കൊടുക്കുന്നു.

പ്രവൃത്തി മൂല്യം- 296486/-
296486x 2.27% =6730

296486-6730= 289756-(14488+5795+2898)

നികുതികൾ,മറ്റ് കിഴിവുകൾ (23181/-)കിഴിച്ച് കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക- 266575/-

അധികം നൽകിയത്= 272801-266575

=6226/- രൂപ

എന്നാൽ ഇതിനു വിരുദ്ധമായി 2.5% അധികം ഓവർഹെഡ് ചാർജജ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയാറാക്കി തദനുസൃതം തുക നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.8/13.07.2018)ജീവനക്കാരുടെ അഭാവവും അധിക ജോലിഭാരവും മൂലം ബിൽ തയാറാക്കിയപ്പോൾ സംഭവിച്ച മനഃപൂർവ്വമല്ലാത്ത തെറ്റാണെന്നും എസ്റ്റിമേറ്റ് ഇനം 3, 4 എന്നിവ എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതൽ ചെയ്തിട്ടുണ്ടെന്നും എന്നാൽ എസ്റ്റിമേറ്റ് അളവിലാണ് നിജപ്പെടുത്തി നൽകിയതെന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തിമൂല്യത്തിൽ നിന്നും ഓവർഹെഡ് കിഴിച്ചിട്ടുള്ള മറ്റ് പ്രവൃത്തികളിൽ എസ്റ്റിമേറ്റളവിൽ തന്നെയാണ് നിജപ്പെടുത്തി തുക നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഓവർഹെഡ് ഇനത്തിൽ അധികം നൽകിയതിനെ പ്രസ്തുത മറുപടി സാധൂകരിക്കാത്തതിനാൽ അധികം നൽകിയ 6226/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ.എൻ.ഡി.ദിലീഷ്, അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-1-7 മോണിറ്ററിംഗ് ഫലപ്രദമായില്ല-റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ ആവശ്യത്തിന് സിമന്റ് ഉപയോഗിച്ചില്ല- ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി ചെയ്യാനിടയായി

2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിച്ചില്ലെന്ന് ഗുണഭോക്തൃസമിതിയുടെ ചെലവ് കണക്ക്, സിമെന്റ് വാങ്ങിയ ബിൽ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. 104/17(നെല്ലേപറമ്പ് -കടവിൽ തോട് നടപ്പാത നിർമ്മാണം- വാർഡ് -10)

സ്പിൽ ഓവർ നം. 22/18

അടങ്കൽ- 2,00,000( വി.ഫ. എസ്.സി.പി )

ചെലവ്-178305/-(ബിൽനം. - 24/17-18/31.07.18)

എം. ബുക്ക് നം. 32/TVR/16-17;പ്രവൃത്തിമൂല്യം- 184294/- ; നികുതി, മറ്റ് കിഴിവുകൾ- 5989/-

ഗുണഭോക്തൃ സമിതി കൺവീനർ ഹാജരാക്കിയിട്ടുള്ള ഫ്രണ്ട്സ് ബിൽഡിംഗ് മെറ്റീരിയൽ സപ്ലൈസ്, ഇരുമ്പനം എന്ന സ്ഥാപനത്തിൽ നിന്നുള്ള 15.05.2017/29-ാം നമ്പർ ബില്ല് പ്രകാരം 103 പായ്ക്കറ്റ് സിമന്റ് 400/- രൂപാ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃ സമിതിയുടെ അംഗീകൃത വരവ് -ചെലവ് കണക്കിലും ഉപയോഗിച്ചിട്ടുള്ള സിമന്റ് 103 പായ്ക്കറ്റ് എന്നു വ്യക്തമാക്കിയിട്ടുണ്ട്.

CC 1:4:8, using 40 mm graded stone aggregate, CC 1:2:4 using graded stone aggregate 20 mm nominal size എന്നീ എസ്റ്റിമേറ്റിനം പ്രവൃത്തികൾക്ക് ആവശ്യമായ സിമന്റ് യഥാക്രമം 170 കി.ഗ്രാം, 320 കി.ഗ്രാം എന്നിങ്ങനെയാണ് (2014 DSR പ്രകാരമുള്ളത്). കോൺക്രീറ്റിംഗ് പ്രവൃത്തിയ്ക്ക് ആവശ്യമായ സിമന്റിന്റെ അളവ് താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം നം. | വിശദാംശം | ചെയ്ത അളവ് | ആവശ്യമായ സിമന്റ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1 | 40 mm മെറ്റൽ ഉപയോഗിച്ചുള്ള 1:4:8 കോൺക്രീറ്റിംഗ് | $16.985m^3$.(പേജ് നം. 9) | 2887.45 Kg | DSR 14 Item 4.1.8 |

| | | | | | |
|---|---|---|---|---|---|
| 2 | 2 | 20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4കോൺക്രീറ്റിംഗ് | 8.496m$^3$.(പേജ് നം. 13) | 2718.72Kg | DSR 14 Item 4.1.3 |
| ആകെ ആവശ്യമായ സിമന്റ് | | | | 5606.17Kg = 112.12 pkt = 112 pkt | |

എന്നാൽ ടി പ്രവൃത്തിയ്ക്കായി ആവശ്യമായതിനേക്കാളും കുറഞ്ഞ അളവിൽ മാത്രമാണ് സിമന്റ് ഉപയോഗിച്ചതെന്ന് (9 പായ്ക്കറ്റ് കുറവ്) മേൽ പ്രസ്താവിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇത് ഗുണമേന്മയില്ലാതെ പ്രവൃത്തി ചെയ്യാനിടയാക്കിയതിനാൽ ടി വിഷയത്തിന്മേലുള്ള വിശദീകരണം ഓഡിറ്റിൽ അടിയന്തരമായി ലഭ്യമാക്കുവാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 23/19.07.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് മോണിറ്ററിംഗിന് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തിയത് മൂലമാണ് ഇപ്രകാരം ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി ചെയ്യാനിടയായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ അസിസ്റ്റന്റ് എഞ്ചിനീയറാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ടി വിഷയത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. വിഭാഗം, ആലപ്പുഴയോട് ശുപാർശ ചെയ്യുകൊള്ളുന്നു.

## 3-1-8 കാർഷിക മേഖലയിൽ 2017-18 വർഷം നടപ്പാക്കിയ പദ്ധതികൾ

കാർഷിക മേഖലയിൽ 2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആകെ 9 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ രണ്ടെണ്ണം നെൽകൃഷിയുമായി ബന്ധപ്പെട്ടതും നാലെണ്ണം പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ടതും രണ്ടെണ്ണം നാളികേര മേഖലയിലുള്ളതുമാണ്. തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | നെൽകൃഷിയ്ക്ക് വിത്തും കൂലിച്ചെലവും | 553600 | 553600 |
| 2 | പാടശേഖര സമിതിയ്ക്ക് പെട്ടിയും പറയും | 300000 | 261000 |
| 3 | കറിവേപ്പ്, കാന്താരി തൈ വിതരണം | 100000 | 21970 |
| 4 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 102000 | 102000 |
| 5 | കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം | 160000 | 160000 |
| 6 | വാഴവിത്ത്, ജൈവവളം, കുമ്മായ വിതരണം | 270000 | 62698 |
| 7 | കേടായ തെങ്ങ് വെട്ടിമാറ്റി പുതിയവ നടല് | 360000 | 234000 |

| | | | |
|---|---|---|---|
| 8 | തെങ്ങിന് ജൈവവളം, കുമ്മായ വിതരണം. | 144000 | 51918 |
| 9 | ജലസേചന പമ്പ് സെറ്റ് വിതരണം | 200000 | 44581 |

ഗുണഭോക്തൃ വിഹിതം ഈടാക്കുന്ന പ്രോജക്ടുകളിൽ ജനപങ്കാളിത്തം കുറയുന്നു

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽ മുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഉല്പാദന മേഖലയിലെ സബ്സിഡിയെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളുടെ ധനവിനിയോഗ കണക്ക് പരിശോധിച്ചാൽ 100% സബ്സിഡി നൽകുന്ന പ്രോജക്ടുകളിൽ മാത്രമാണ് അടങ്കൽ മുഴുവനായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണാവുന്നതാണ്. ഗുണഭോക്തൃ വിഹിതം കൂടി ഉറപ്പാക്കി നടപ്പാക്കിയ മറ്റ് പ്രോജക്ടുകളുടെ ചെലവ് വളരെ കുറവാണ്. ഗുണഭോക്താക്കളുടെ അഭാവം മൂലം പാടശേഖര സമിതികൾക്ക് പവർ ടില്ലർ (പ്രോജക്ട് നമ്പർ 77/2018) എന്ന പദ്ധതി ഒഴിവാക്കുകയും ഇതിനായി വകയിരുത്തിയ തുക ലൈഫ് മിഷൻ പദ്ധതിയ്ക്കായി വകമാറ്റുകയും ചെയ്തുവെന്നത് ഇവിടെ പ്രസക്തമാണ്. കാർഷിക മേഖലയിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികളിൽ ജനപങ്കാളിത്തംകുറയുന്നത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഗൌരവത്തോടെ കാണേണ്ടതാണ്.

നെൽകൃഷി മേഖല അവഗണിക്കപ്പെടുന്നു.

നെൽകൃഷി മേഖലയിലെ പഞ്ചായത്തിന്റെ ഇടപെടൽ പ്രതീക്ഷയ്ക്ക് വക നൽകുന്നതല്ല. കൃഷിയോഗ്യമായ ഏകദേശം 400 ഹെക്ടർ ഭൂമിയുണ്ടെങ്കിലും അതിൽ പകുതിയിലേറെ ഇപ്പോഴും തരിശായി കിടക്കുകയാണ്. തുറവൂർ കർഷക സംഘം, വടക്കേ പുത്തൻകാട്, കൊച്ചുകാട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കർഷക സംഘങ്ങൾ. ടി സംഘങ്ങളുടെ കീഴിലാണ് നാമമാത്രമാണെങ്കിലും ഇപ്പോഴും കൃഷി നടക്കുന്നത്. കൃഷിയോഗ്യമായ മുഴുവൻ സ്ഥലത്തും നെൽകൃഷി നടത്തുകയാണ് ലക്ഷ്യമെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുമ്പോഴും കണക്കുകൾ ഇതിനെതിരാണ്. 2016-17 വർഷം 160 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നതിനായി പഞ്ചായത്തിലെ മൂന്ന് പാടശേഖര സമിതികൾക്കായി 14,820 Kg നെൽവിത്ത് വാങ്ങി നൽകിയിരുന്ന സ്ഥാനത്ത് 2017-18 ആയപ്പോഴേയ്ക്കും അത് കേവലം 5340 Kg ആയി കുറഞ്ഞു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലായെന്നാണ് ഇത് വ്യക്തമാക്കുന്നത്. അറബിക്കടലിന് സമാന്തരമായി കിടക്കുന്ന കരിനിലങ്ങളിൽ പരമ്പരാഗതമായി ചെട്ടിവിരിപ്പും മുണ്ടകനും വളരെ നല്ല രീതിയിൽ കൃഷി ചെയ്തിരുന്നതാണ്. മുൻവർഷങ്ങളിൽ കൃഷി ചെയ്തിരുന്ന പാടശേങ്ങളെല്ലാം ഇപ്പോൾ തരിശ്ശായി കിടക്കുകയാണ്. മത്സ്യകൃഷിയോട് പ്രത്യേകിച്ച് ചെമ്മീൻ കൃഷിയോട് ജനങ്ങൾക്കുള്ള അമിത താല്പര്യവും തീരദേശത്തോട് ചേർന്ന് കിടക്കുന്ന പാടശേങ്ങളിലെ ജലത്തിൽ ലവണാംശം കൂടുതലയാതിനാൽ കതിരായി വരമ്പോൾതന്നെ കരിഞ്ഞു പോകുന്നതും നെൽകൃഷി ചെയ്യുന്നതിൽ നിന്ന് ജനങ്ങളെ പിന്നോട്ടുമാറ്റുന്നു എന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. കൂടാതെ തൊഴിലാളി ക്ഷാമം, അമിതമായ കൂലിച്ചെലവ്, പക്ഷികളുടെ ആക്രമണം, ഗതാഗത സൌകര്യങ്ങളുടെ അപര്യാപ്തത എന്നിവയും നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. മേൽ പരാമർശിച്ചിട്ടുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിനുള്ള പോംവഴികൾ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് തലങ്ങളിൽ സജീവമായി ചർച്ച ചെയ്യേണ്ടതും പരിഹാര മാർഗ്ഗങ്ങൾ ഭരണതലത്തിൽ ഉണ്ടാകുന്നതിന് ക്രിയാത്മക ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 3-1-9 കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം - ഇൻവോയ്സ് ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം (പ്രോജക്ട് നം -67/2018) എന്ന പദ്ധതി പ്രകാരം VFPCKൽ നിന്നും 400 കിഴങ്ങ് വർഗ്ഗ കിറ്റ് വാങ്ങി നൽകുന്നതിനായി 1,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ആദ്യ ഘട്ടത്തിൽ 200 ഗുണഭോക്താക്കൾക്കുള്ള വിത്ത് വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് 80,000 രൂപയുടെ ഒരു ഇൻവോയ്സ് (ഇൻവോയ്സ് - HQ/ALP – 487 തീയതി 21.12.2017) സ്ഥാപനം ഹാജരാക്കുകയും ടി ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 5/2017-18/23.1.2017 പ്രകാരം ട്രഷറിയിൽ നിന്ന് 80,000 രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ വീണ്ടും 200 ഗുണഭോക്താക്കൾക്കുള്ള വിത്ത് വിതരണം ചെയ്തതിന് വീണ്ടും ട്രഷറി ബിൽ നമ്പർ 11/2017-18/23.3.2018 പ്രകാരം 80,000 രൂപ പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ വിത്ത് വിതരണം നടത്തിയതിന്റെ ഇൻവോയ്സിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്ററിൽ 400 ഗുണഭോക്താക്കൾക്ക് ഓരോ കിഴങ്ങ് വർഗ്ഗ കിറ്റ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ തുക്കം പരാമർശിച്ചിട്ടില്ല. മേൽ

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ട്രഷറി ബിൽ നമ്പർ 11/2017-18/23.3.2018 പ്രകാരം പിൻവലിച്ച 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-1-10 സോളാർ വൈദ്യുതീകരണം –ഉറപ്പു നൽകിയ വൈദ്യുതിയുടെ പകുതി പോലും ലഭിക്കുന്നില്ല

പഞ്ചായത്ത് കെട്ടിടങ്ങളിൽ സോളാർ വൈദ്യുതീകരണം (പ്രോജക്ട്നം 4/2018) എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് 10 KW വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കെൽട്രോണുമായി കരാറിലേർപ്പെടുകയും എസ്റ്റിമേറ്റ് തുകയായ 10,18,900 രൂപയിൽ 8,57,791 രൂപ 2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ശേഷിക്കുന്ന 1,61,109 രൂപ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ട്രഷറി ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്.

നിർദ്ദിഷ്ട സൗരോർജ്ജ പ്ലാന്റിൽ നിന്നും പ്രതിമാസം ശരാശരി 1350 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാമെന്നും പഞ്ചായത്തിന്റെ പ്രതിമാസ വൈദ്യുതി ഉപഭോഗത്തിനുശേഷം മിച്ചമുണ്ടാകുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് നെറ്റ് മീറ്റർ മുഖാന്തിരം നൽകാവുന്നതാണെന്നുമാണ് കെൽട്രോൺ പഞ്ചായത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ സൗരോർജ്ജ പ്ലാന്റ് സംവിധാനം പ്രവർത്തനസജ്ജമായി ഒരു വർഷത്തിനുശേഷവും കെൽട്രോൺ അവകാശപ്പെട്ടതിന്റെ പകുതി വൈദ്യുതിപോലും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. സോളാർ വൈദ്യുതി നേരിട്ട് കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് നൽകുന്നതിനാൽ വൈദ്യുതി ഇല്ലാത്ത സന്ദർഭങ്ങളിൽ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു.

സൗരോർജ്ജ പ്ലാന്റ് മുഖേന 06/2017മുതൽ 5/2018 വരെയുള്ള ഒരു വർഷത്തെ വൈദ്യുതോല്പാദനം 05/2018ലെ വൈദ്യുതി ബിൽ നമ്പർ 5516180602681/31.5.2018 പ്രകാരം 5659 യൂണിറ്റ് മാത്രമാണ്. അതായത് പ്രതിമാസം ശരാശരി 471 യൂണിറ്റ് മാത്രമാണ് ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിന്റെ ദൈനംദിന ആവശ്യം പൂർത്തീകരിക്കുന്നതിനുള്ള വൈദ്യുതി പോലും ഉല്പാദിപ്പിക്കുവാൻ സാധിക്കാത്തതിനാൽ പല മാസങ്ങളിലും ഫിക്സഡ് ചാർജ്ജിനുപുറമേ എനർജി ചാർജ്ജിനത്തിലും വൈദ്യുതി ബോർഡിൽ തുക ഒടുക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പ് പഞ്ചായത്തിന്റെ പ്രതിമാസ വൈദ്യുതി ചാർജ് 12,000 രൂപയായിരുന്നെന്നും പ്ലാന്റ് സ്ഥാപിച്ചതിനുശേഷം ആയത് 1000 രൂപയായി കുറഞ്ഞതുമൂലം പ്രതിമാസം വൈദ്യുതി ചാർജിനത്തിൽ 11,000 രൂപയുടെ കുറവുണ്ടായിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറിയുടെ പ്രസ്തുത മറുപടി വസ്തുതകൾ പരിശോധിക്കാതെയുള്ളതാണ്. സോളാർ പ്ലാന്റിൽ നിന്നുള്ള പ്രതിമാസ വൈദ്യുതോല്പാദനം ശരാശരി 471 യൂണിറ്റ് മാത്രമായതിനാൽ യൂണിറ്റിന് പരമാവധി 7 രൂപ കണക്കാക്കിയാൽ പോലും മാസം 3500 രൂപയിൽ താഴെ മാത്രമേ വൈദ്യുതി ചാർജിനത്തിൽ കുറവുണ്ടാകുകയുള്ളൂ.

സോളാർ വൈദ്യുതോല്പാദനം പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണ്. എന്നിരുന്നാലും കെൽട്രോൺ വാഗ്ദാനം ചെയ്ത വൈദ്യുതിയുടെ പകുതി പോലും ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ലായെന്നത് ഗൌരവത്തോടെ കാണേണ്ടതാണ് ഊതിപ്പെരുപ്പിച്ച കണക്കിലൂടെ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ചത് ശരിയായ നടപടിയല്ല. പ്രതീക്ഷിച്ച വൈദ്യുതി ലഭ്യമാകാതിരുന്നതിനെ തുടർന്ന് സോളാർ പ്ലാന്റിന്റെ പ്രവർത്തന ക്ഷമത പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കത്ത് നൽകിയെങ്കിലും (കത്ത് നം - സി2-6919/2016/ 12.11.2107) കെൽട്രോൺ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സോളാർ പ്ലാന്റിന്റെ പ്രവർത്തന ക്ഷമത വിലയിരുത്തി നിശ്ചിത യൂണിറ്റ് വൈദ്യുതോല്പാദനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-1-11 പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് – പദ്ധതി നിർവ്വഹണത്തിൽ പാളിച്ചകൾ

പഞ്ചായത്ത് ഓഫീസിന്റെ പശ്ചാത്തല സൌകര്യം വികസിപ്പിക്കുന്നതിനായി 5,11,000 രൂപ വകയിരുത്തി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് (പ്രോജക്ട് നം 09/2018). ധനകാര്യ കണക്കുകൾ തയ്യാറാക്കൽ, സദ്ഭരണം എന്ന വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്ത് ഓഫീസിന്റെ ആധുനിക വത്കരണത്തിനും ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും തുടർന്ന് 15.2.2017, 11.4.2017 തീയതികളിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പഞ്ചായത്ത് ഓഫീസിന്റെ പശ്ചാത്തല സൌകര്യം വികസിപ്പിക്കുന്നതിനായി 5,11,000 രൂപ വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിനായി ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഓഫീസ് ഫർണീച്ചർ എന്നിവ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനായി അടങ്കൽ തുക വിഭജിച്ച് ടെണ്ടർ പരസ്യം നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇതിന്റെ

ഭാഗമായി ഡോർ കർട്ടൻ (7എണ്ണം), ഗ്ലാസ് ഡോർ ഫിക്സിംഗ് (3എണ്ണം), ഓഫീസ് റൂമിന്റെ ഒരു ഭാഗത്തെ സീലിംഗ് വർക്ക് എന്നിവയ്ക്കായി 1,65,550 രൂപ അടങ്കൽ കണക്കാക്കി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/S മെഗാ എഞ്ചിനീയേഴ്സ് എളമക്കര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ നോട്ടീസ്, ഹാജരാക്കിയ ടെണ്ടറുകൾ എന്നിവ പരിശോധിച്ചതിൽ, മേൽ പറയുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള നിരക്കോ സ്പെസിഫിക്കേഷനോ പരാമർശിക്കാതെ എല്ലാ ഇനങ്ങൾക്കും കൂടി ഒരു തുക നിശ്ചയിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനങ്ങൾ വ്യത്യസ്ത ഇനങ്ങളാണെങ്കിലും ഇനം തിരിച്ചുള്ള നിരക്ക് രേഖപ്പെടുത്താതെയാണ് ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത്. ഇത് സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും യൂണിറ്റ് നിരക്ക് തയ്യാറാക്കി വാങ്ങാതെ എപ്രകാരമാണ് അടങ്കൽ തുക കണക്കാക്കിയതെന്ന് വ്യക്തമല്ല. പദ്ധതി അടങ്കൽ തുക നിശ്ചയിക്കുന്നതിന് മുന്നോടിയായി തുക നിർണ്ണയിച്ച് തരുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടുവെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങളായതിനാൽ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം നടത്തുവാൻ കഴിയുകയില്ലായെന്നാണ് അറിയിച്ചതെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാക്കാലുള്ള നിർദ്ദേപ്രകാരമാണ് അടങ്കൽ തുക നിശ്ചയിച്ചതെന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. പർച്ചേസ് കമ്മിറ്റിയുടെ മിനിട്സിലും പ്രസ്തുത അപാകതകൾ പരാമർശിച്ചിട്ടുണ്ടെങ്കിലും 20.3.2017ൽ കൂടിയ പർച്ചേസ് കമ്മിറ്റി ടെണ്ടർ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. പദ്ധതി ടെണ്ടർ ചെയ്യുന്നതിന് മുമ്പ് വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷനും വിലയും നിർണ്ണയിക്കാതിരുന്നതും മൂല്യനിർണ്ണയം നടത്താതിരുന്നതും ശരിയായ നടപടിയല്ല. പദ്ധതി മാർഗ്ഗരേഖയും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകളും കർശനമായി പാലിച്ച് കൊണ്ട് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-1-12 ഒ.ഡി.എഫ് പദ്ധതി – തിരികെ ലഭിച്ച 29.64 ലക്ഷം രൂപ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നില്ല.

ഒ.ഡി.എഫ് പദ്ധതിയ്ക്കായി 2016-17 വർഷം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 29,63,920 രൂപ ശുചിത്വ മിഷനിൽ നിന്നും മൂന്ന ഗഡുക്കളായി താഴെപറയും പ്രകാരം ലഭിച്ചിട്ടുണ്ട്. ടി തുക യാതൊരു വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാതെ കാനറാ ബാങ്കിലെ ശുചിത്വ മിഷൻ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് (അക്കൌണ്ട് നമ്പർ 3011101010354).

| ക്രമനം | തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി | ലഭിച്ച തുക |
|---|---|---|
| 1 | 11.1.2017 | 13,04,160 |
| 2 | 16.3.2017 | 10,07,760 |
| 3 | 21.8.2017 | 6,52,000 |
| ആകെ | | 29,63,920 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ട പദ്ധതിപ്പണം ഒരു വർഷം കഴിഞ്ഞിട്ടും നിഷ്ക്രിയമായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ടി തുക എത്രയും വേഗം വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-2 ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

### 3-2-1) ഉറവിട മാലിന്യ സംസ്കരണ പദ്ധതി – ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല, അനുവദിച്ച തുക ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10% തുകയെങ്കിലും വകയിരുത്തി മാലിന്യസംസ്കരണ പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ട് ഹരിത കേരളം പദ്ധതി നടപ്പാക്കണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേതുടർന്ന് 2017-18 വർഷം ഉറവൂർ ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണ പദ്ധതികൾക്കായി താഴെപറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കുകയുണ്ടായില്ല.

വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന് സ്ഥലം വാങ്ങൽ | 2100000 |
| 2 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനസജ്ജമാക്കൽ | 250000 |
| 3 | പ്ലാസ്റ്റിക് ബെയ്ലിംഗ് മെഷീൻ വാങ്ങൽ | 450000 |
| | ആകെ വകയിരുത്തിയ തുക | 2800000 |

ഹരിത കേരളം മിഷന്റെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി 2017-18 വർഷം ഓരോ ഗ്രാമപഞ്ചായത്തിനും ആകെ ലക്ഷം 20 രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഖര--ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ശുചിത്വ മിഷൻ മുഖേന നടപ്പാക്കുന്നതിന് 27.7.2017ൽ കൂടിയ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി അനുവാദം നൽകുകയുണ്ടായി. തുടർന്ന് ഇതിനായി പദ്ധതികൾ ആസൂത്രണംചെയ്ത നപ്പാക്കുന്നതിനായി ജില്ലാ സാനിട്ടേഷൻ സമിതി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.9.2017ലെ ഡി5-1578/2008 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് 12 ലക്ഷം രൂപ (ചെക്ക് നമ്പർ 949655/24.10.17) അഡ്വാൻസായി അനുവദിക്കുകയുണ്ടായി. ടി തുക ഉൾപ്പെടെ വിനിയോഗിച്ച് മേൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് 12.10.2017ൽ കൂടിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചുവെങ്കിലും (തീരുമാനം - I(1)) തൻവർഷം പദ്ധതി നടപ്പാക്കിയില്ല. തുക ചെലവഴിക്കാതെ ശുചിത്വ മിഷൻ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സജ്ജമാക്കൽ പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്നും സ്ഥലത്തിന്റെ ഒറിജിനൽ ആധാരം ലഭിക്കാതിരുന്നതുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കഴിയാതിരുന്നതെന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. സ്ഥലവും കെട്ടിടവും ഒരുക്കുന്നതിന് മുമ്പ് മെഷീൻ വാങ്ങുവാൻ പ്രോജക്ട് തയ്യാറാക്കിയത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ് വ്യക്തമാക്കുന്നത്.

മാലിന്യ സംസ്കരണ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും ഒരുരൂപ പോലും ചെലവഴിക്കുവാൻ കഴിയാതിരുന്നതും ഹരിത കേരളം മിഷൻ അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നതും ഗൌരവത്തോടെ കാണേണ്ടതാണ്. ശുചിത്വ മിഷനുൻ അനുവദിക്കുന്ന ഫണ്ട് നിശ്ചിത സമയപരിധിക്കകം ചെലവഴിച്ചില്ലെങ്കിൽ ആയത് തിരിച്ചടക്കേണ്ടതായി വരുന്നതാണ്. ആയതിനാൽ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭിക്കുന്ന തുക യഥാവിധി പ്രയോജനപ്പെടുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-2-2 പാലിയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പ്

പാലിയേറ്റീവ് പരിചരണം ഹോംകെയർ നടത്തിപ്പിനായി വാഹനം ഇല്ലാത്ത തദ്ദേശസ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി ദിവസ വാടകനിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ഇവിടെ പ്രതിദിനം 1000/- രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് പ്രവർത്തിച്ചുവരുന്നത്. മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനമാണ് വാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിച്ച് അംഗീകാരം വാങ്ങി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ വൈസ് ചെയർപേഴ്സണായും രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മറ്റി മൂന്ന മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്. മാത്രമല്ല, പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് മാസം തോറും അവലോകനയോഗങ്ങളും നടത്തേണ്ടതാണ്. എന്നാൽ 14.11.2016 ന ശേഷം പി.എം.സി മീറ്റിംഗ് കൂടിയത് 9.02.2018 ൽ മാത്രമാണ്. 2017 ൽ യോഗം ചേർന്നിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ആകെ രണ്ടു തവണയാണ് യോഗം ചേർന്നിട്ടുള്ളത്. പി.എം.സി മീറ്റിംഗുകൾ കൃത്യമായി കൂടുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. ഓരോ മാസത്തെയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും യോഗത്തിൽ അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് ഇൻവോയ്സ് നം PRF3233/ 11.1.2018 പ്രകാരം 50,000/- രൂപയും, ഇൻവോയ്സ് നം PRF825/ 11.1.2018 പ്രകാരം 38483/- രൂപയും, ഇൻവോയ്സ് നം PRF3254/ 14.3.2018 പ്രകാരം 9417/- രൂപയും ഉൾപ്പെടെ ആകെ 97900/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ മരുന്നിന് ചെലവഴിച്ച 97900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾക്ക് ഓർഡർ നൽകി അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം മരുന്ന് വിതരണം മുടങ്ങാതിരിക്കുന്നതിനായി മൂന്നോ നാലോ മാസത്തേക്കുള്ള എപ്പോഴും സ്റ്റോക്കിൽ സൂക്ഷിക്കേണ്ടതും അതിനാവശ്യമായ രീതിയിൽ മരുന്ന് വാങ്ങുന്നതിനുള്ള തുക പ്രോജക്റ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 3-2-3 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നടപ്പിലാക്കിയ ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ്നം.S0102/18), ആയുർവ്വേദ സബ്സെന്ററിന് മരുന്ന് വാങ്ങൽ (പ്രോജക്റ്റ്നം.S0103/18) എന്നീ പദ്ധതികൾക്കായി യഥാക്രമം 1200000/-(Bill No. 1/17-18 600000 dtd,30.12.17, Bill No.2/7-18 2,35,000 dtd, 30.12.2017, Bill No. 3/17-18 3,65,000 dtd, 19.2.2018) 400000/-രൂപ (Bill No. 4/17-18 4,00,000 dtd, 19.2.2018) എന്നിങ്ങനെ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ഇൻവോയ്സ് നം. | കൈപ്പറ്റിയ തീയതി | ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വില | ആകെ |
|---|---|---|---|---|
| ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 90054122/17.02.18 | 27.02.18 | 334421 | 1033869/- |
| | 90062037/31.03.18 | 23.04.18 | 133380 | |
| | 90059688/23.03.18 | 29.04.18 | 282074 | |
| | 90064716/26.05.18 | 29.05.18 | 111231 | |
| | 90066131/31.05.18 | 11.06.18 | 80359 | |
| | 90067982/15.06.18 | 19.06.18 | 16535 | |
| | 90070625/29.06.18 | 4.07.18 | 75869 | |
| ആയുർവ്വേദ സബ്സെൻററിന് മരുന്ന് വാങ്ങൽ | 90065101/28.05.18 | 6.6.18 | 106133 | 329424 |
| | 90060046/25.03.18 | 23.4.18 | 61436 | |
| | 90062534/31.03.18 | 23.4.18 | 79308 | |
| | 90070656/29.06.18 | 04.7.18 | 43104 | |
| | 90070825/30.6.18 | 04.07.18 | 15459 | |
| | 90068124/15.6.18 | 19.6.18 | 24074 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ശേഷിക്കുന്ന മരുന്നുകളുടെ വിലയായ 236707/- (=166131+70576) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2-4 എച്ച്.എം നടപ്പിലാക്കിയ പ്രോജക്റ്റ്- രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. - 126/2018.

വികസനഫണ്ട് - 1,75,000

ചെലവ് - 1,47,100

175000 രൂപ വികസനഫണ്ടിൽ വകയിരുത്തി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 147100 രൂപ ചെലവിൽ (ബിൽ നം.3/8.11.17, 4/8.11.17, 11/22.3.18, 12/22.3.18) പഠിതാക്കൾക്ക് തുല്യതാ പരീക്ഷാഫീസിളവ് ലഭിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-3-0 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

*3-3-1) അംഗൻവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതു അനിവാര്യം-*

ഉറവൂർ ഗ്രാമപഞ്ചായത്തിനു കീഴിൽ ആകെ 27 അംഗണവാടികളാണ് ഉള്ളത്. ഇതിൽ 18 അംഗണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും കാലപ്പഴക്കം മൂലം കെട്ടിടം ഉപയോഗശൂന്യമായതിനാൽ ഇവയിൽ 6എണ്ണം ഉൾപ്പെടെ നിലവിൽ15 അംഗണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 11 അംഗൻവാടികൾക്ക് മാത്രമാണ് ചുറ്റുമതിലുള്ളത്. ശിശു സൌഹൃദ ടോയ്‌ലറ്റ് ഉള്ളത് കേവലം 6 അംഗൻവാടികൾക്കാണ്. പശ്ചാത്തല സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തദ്ദേശ സ്ഥാപനം മതിയായ ജാഗ്രത കാണിക്കുന്നില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. 2016-17 വർഷത്തെ സ്പിൽ ഓവർ പദ്ധതികളായ 130-)ം നമ്പർ അംഗണവാടി മെയിന്റനൻസ്, 129-)ം നമ്പർ അംഗണവാടിയ്ക്ക് ചുറ്റുമതിൽ നിർമ്മാണം, 132, 131 എന്നീ അംഗണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മാണം എന്നീ പ്രവർത്തികൾ തൻവർഷം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷം ആസൂത്രണ സമിതി അംഗീകാരം ലഭിച്ച 121, 126 എന്നീ അംഗണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മാണം, 112-)ം നമ്പർ അംഗണവാടി മെയിന്റനൻസ് എന്നിവ നടപ്പാക്കിയില്ല. 126-ാംനമ്പർ അങ്കണവാടി ടോയ്ലെറ്റ് നിർമ്മാണം 90,000/- രൂപ അടങ്കൽ നിശ്ചയിച്ചിച്ച് പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും (പ്രോ നം. 32/18) കെട്ടിടം അൺഫിറ്റായതിനാൽ നിർമ്മാണ പ്രവൃത്തി ഉപേക്ഷിക്കേണ്ടിവന്നു. സ്വന്തമായി സ്ഥലമില്ലാത്തവയ്ക്ക് സ്ഥലം വാങ്ങി നൽകുന്നതിനും കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനും തൻവർഷം യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അങ്കണവാടി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തലും ആർജ്ജിക്കലുമാണ് ഈ മേഖലയിലെ പ്രധാനവെല്ലുവിളി. ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് ഭരണസമിതിയുടെയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സവിശേഷമായ ശ്രദ്ധ ക്ഷണിക്കുന്നു.

അംഗൻവാടികളുടെ ഭൌതിക സാഹചര്യം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 13.3.2017, 29.5.2017 എന്നീ തീയതികളിൽ കൂടിയ സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പിൽ അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, കെട്ടിട മെയിന്റനൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ, പ്രവർത്തനക്ഷമമല്ലാത്ത 113, 127 എന്നീ കെട്ടിടങ്ങളിൾക്ക് പകരം പുതിയവ നിർമ്മിക്കുക, 25 വർഷത്തിലധികം പഴക്കമുള്ള എല്ലാ കെട്ടിടങ്ങളും വകുപ്പുതല, ഇതര ഫണ്ട് ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കുക, ടോയ്‌ലറ്റ് ഇല്ലാത്ത 121, 126 അംഗണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുക, 114, 131 എന്നിവയെ മോഡൽ അംഗനവാടികളായി ഉയർത്തുക മുതലായ വിഷയങ്ങളിൽ ചർച്ച നടന്നുവെങ്കിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത മേൽ വിഷയങ്ങളിന്മേൽ തുടർ ചർച്ചകളോ തീരുമാനങ്ങളോ എടുത്തതായി കാണുന്നില്ല. അംഗൻവാടികളുടെ സമഗ്രമായ വികസനം മുൻനിർത്തി വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്നുവരുന്ന പ്രധാനപ്പെട്ട വിഷയങ്ങളിന്മേൽ ക്രിയാത്മക ചർച്ചകൾ നടത്തുന്നതിനും ആയത് പൊതുകമ്മിറ്റിയുടെ ശ്രദ്ധയിപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-3-2 സാമൂഹിക സുരക്ഷ പെൻഷൻ – മരണപ്പെട്ട വ്യക്തികളെ ഒഴിവാക്കുന്നില്ല

സാമൂഹിക സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ് വെയറിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ, മരണപ്പെട്ട പല ഗുണഭോക്താക്കളേയും വിശദാംശങ്ങൾ സേവന ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ലായെന്ന് കാണുന്നു. അവരിൽ ചിലരുടെ പേരുവിവരം താഴെകൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി നമ്പർ |
|---|---|---|---|
| 1 | ജാനു, കാളച്ചിറയിൽ | കർഷക തൊഴിലാളി പെൻഷൻ | 104340100169 |
| 2 | കാർത്യായനി, വടക്കേക്കാട്ടിൽ | കർഷക തൊഴിലാളി | 104340100211 |

| | | | |
|---|---|---|---|
| | | പെൻഷൻ | |
| 3 | ത്രേസ്യ, നികർത്തിൽ | കർഷക തൊഴിലാളി പെൻഷൻ | 104340100237 |
| 4 | ആന്റണി, പുതിയ നികർത്തിൽ | കർഷക തൊഴിലാളി പെൻഷൻ | 104340100485 |
| 5 | കുഞ്ഞുകുഞ്ഞു, പുതിയ നികർത്തിൽ | വാർദ്ധക്യകാല പെൻഷൻ | 104340200307 |
| 6 | വിൽസൻ വസ്ത്യൻ, ചിറമേൽ | വാർദ്ധക്യകാല പെൻഷൻ | 104340200458 |
| 7 | സിൽവസ്റ്റർ, വാലയിൽ | വാർദ്ധക്യകാല പെൻഷൻ | 104340202105 |
| 8 | സ്റ്റെല്ല, കളത്തിൽ | വാർദ്ധക്യകാല പെൻഷൻ | 104340202190 |
| 9 | സദാനന്ദൻ, വാലുതറയിൽ | വാർദ്ധക്യകാല പെൻഷൻ | 104340202680 |
| 10 | ഷെരീഫ, കളത്തിൽ | വാർദ്ധക്യകാല പെൻഷൻ | 104340201129 |
| 11 | ലൂസി, തയ്യിൽ | വാർദ്ധക്യകാല പെൻഷൻ | 104340201582 |
| 12 | വർഗ്ഗീസ് ഔസേപ്പ്, മണിച്ചിറ | വാർദ്ധക്യകാല പെൻഷൻ | 104340201584 |
| 13 | കുഞ്ഞുകുഞ്ഞ്, മനക്കോടം | വാർദ്ധക്യകാല പെൻഷൻ | 104340200496 |
| 14 | കദീജ ഉമ്മ, പാണ്ട്യാലയ്ക്കൽ | വാർദ്ധക്യകാല പെൻഷൻ | 104340201231 |
| 15 | ഐഡാമ്മ വിൽസൻ കോയിപറമ്പിൽ | വാർദ്ധക്യകാല പെൻഷൻ | 104340200630 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരുടെ വിശദാംശങ്ങൾ സേവന സോഫ്റ്റ് വെയറിൽ സജീവമായി (active) നിലനിർത്തിയിട്ടുള്ളതിനാൽ, ഇവർക്ക് ഓരോ തവണയും പെൻഷൻ അനുവദിക്കുന്ന അവസ്ഥയുണ്ടാകുന്നു. ആയതിനാൽ വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ച് മരണപ്പെട്ടിട്ടുള്ള വ്യക്തികളെ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള (suspend) നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3-3 വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികൾ- സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്

എസ്.സി കുടുംബങ്ങൾക്കായി നടപ്പിലാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പ്രോജക്ട് നം 133/18), മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ (പ്രോജക്ട് നം 139/17-18) എന്നീ പദ്ധതികൾക്കായി 27,00,000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും 1,50,000/- രൂപ വീതം 18 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിയിൽ 75000/- രൂപ വീതം 36 കുടുംബങ്ങൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ജില്ല, ബ്ലോക്ക്

പഞ്ചായത്തുകൾ വഴി തുടർച്ചയായ വർഷങ്ങളിൽ ഇത്തരം ആനുകൂല്യം നൽകി വരുന്നതിനാൽ മേൽ ഗുണഭോക്താക്കളുടെ കുടുംബങ്ങൾക്ക് മറ്റ് വകുപ്പുകളിൽ നിന്നും മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾ മറ്റ് വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാ എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3-4 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന

ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളക്കരമിനത്തിൽ പ്രതിമാസം 136063/- രൂപ വച്ച് 1632756/-രൂപ 2017-2018 സാമ്പത്തികവർഷം വാട്ടർ അതോറിറ്റിയിലേക്ക് അടച്ചുവരുന്നു. ഫയൽ പരിശോധിച്ചതിൽ നാളിതുവരെ ടാപ്പുകളുടെ സംയുക്തപരിശോധന വാട്ടർ അതോറിറ്റിയുമായി നടത്തിയിട്ടില്ലെന്ന് വ്യക്തമായി. പഞ്ചായത്തതിർത്തിയിലുള്ള പല പൊതുടാപ്പുകളും പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലാണ്. പ്രതിമാസം ഇത്രയും തുക ഉപയോഗിക്കാത്ത വെള്ളത്തിനു നൽകുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിനു വളരെയധികം നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 2015 മുതൽ ഈ ഓഫീസിൽ നിന്നും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയുമുണ്ടായില്ല.(കമ്മറ്റി തീരുമാനം 3(21) തീയതി.17.9.2015)

പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണെന്നും 12ാം പദ്ധതി ആസൂത്രണമാർഗ്ഗരേഖ സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2017-2018 വർഷം മാത്രം ഗണ്യമായ എണ്ണം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ട് പോലും പഞ്ചായത്തിന്റെ കുടിവെള്ളക്കരം ഒരേ നിരക്കിലാണ് നൽകുന്നതെന്ന് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിച്ച് വരുമാന നഷ്ടം തടയാൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ടാപ്പുകളുടെ സംയുക്തപരിശോധനയ്ക്കാവശ്യമായ തുടർ നടപടികൾ സ്ഥീകരിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ മാത്രമല്ല ഭരണതലത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017 | 1,70,000 | Subsidy milk programme | 1,70,000 | -- |
| ബ്ളോക്ക് പഞ്ചായത്ത് | 2017 | 5,50,000 | Nutrition programme | 5,50,000 | -- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 4,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തിക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -ഇല്ല- | | | | | |

## 4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റിന്റെ വിവരം | | ഉൾപ്പെട്ട തുക | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ, തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചാർജ്ജ് | സർ ചാർജ്ജ് | ചാർജ്ജ് | സർ ചാർജ്ജ് | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| (1) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | 1997-98 ഖ.4,11, 12 | എൻ.രാഘവ പിഷാരടി സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | | LF.9728/ Spl. Cell/ SC1/01 dated 28.11.02 | | 18048/- | - | - | - | - | - | 18048/- | രാഘവ പിഷാരടി മരണപ്പെട്ടു. |
| 2 | 1998-99 ഖ.30 | എൻ.രാഘവ പിഷാരടി ജൂനിയർ സൂപ്രണ്ട് | | LF.5354 Spl. Cell/ SC3/02 dated | | 48500/- | - | - | - | - | - | 48500/- | രാഘവ പിഷാരടി മരണപ്പെട്ടു |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | പഞ്ചായത്ത് വകപ്പ് | | 22.03.04 | | | | | | | | | |
| 3 | 2006-07<br>ഖ.3.11 | ശ്രീ.വി.വിജയൻ<br>ശ്രീശൈലം<br>ചേർത്തല.പി.ഒ. | | LF.16163/ B3/ 2013 dated 18.5.15 | | 248600/- | - | - | - | - | - | 248600/- | ഒടുക്ക് വിവരം ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,27,65,346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,76,59,576 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2427/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23226/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 561707/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-1 | 2277 | | എസ്.കെ.കബീർദാസ്,സെക്രട്ടറി |
| 2-1-2 | 150 | | എസ്.കെ.കബീർദാസ്,സെക്രട്ടറി |
| 3-1-2 | | 17000/- | യാമിനിദാസ്,<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1-6 | | 6226/- | എൻ.ഡി.ദിലീഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2427/- | 23226/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-9 | 80000/- | രഞ്ജു എസ്, കൃഷി ഓഫീസർ |
| 3-2-2 | 97900/- | ഡോ.മനോജ്,<br>മെഡിക്കൽ ഓഫീസർ,അലോപ്പതി |
| 3-2-3 | 236707/- | സിമി രവീന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 3-2-4 | 147100/- | മഹിളാമണി, ഹെഡ്മിസ്ട്രസ്,<br>ഗവ. എൽ.പി.എസ് |
| ആകെ | 561707/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മനോജ്, മെഡിക്കൽ ഓഫീസർ, അലോപ്പതി | പി.എച്ച്.സി.തുറവൂർ | ദേവകിനിലയം,<br>CMC 9,ചേർത്തല |
| സിമി രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി, തുറവൂർ | രേവതി,കാരികോട്,<br>ഗീതാഞ്ജലി |
| ദിലീഷ്.എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>ചേർത്തല നഗരസഭ | കരുവാഞ്ചിറ,ചേർത്തല |
| രഞ്ജു.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തുറവൂർ | വടവ്കോട്, കുന്നുപുറത്ത്,വള്ളംതുരുത്ത് |
| യാമിനിദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | ചാരങ്കാട്ട്,പൊള്ളത്തൈ,ആലപ്പുഴ |
| എസ്.കബീർദാസ് | സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത് | ഷീല നിലയം, കടക്കരപ്പള്ളി,ചേർത്തല |
| മഹിളാമണി, ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് | അശ്വതി, വയലാർ പി.ഓ, ചേർത്തല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി05-05-14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി 03-08-14/29-11-14 |

| | |
|---|---|
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-22/2017 തീയതി 05-04-17 |
| 2016-2017 | കെ.എസ്.എ.എൽ.പി.പി 2-856/2017 തീയതി,10.07.2017 |

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 1

•

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(2)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 04.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract |
| 2 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 3

•

ഇ-ടെണ്ടറുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൻവർഷം ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുകയുടെ വിശദവിവരം

| ക്രമ നം. | പദ്ധതിയുടെ പേര് | ടെണ്ടർ ഐ.ഡി | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെൻഡർ ഫീ | ആകെ കളക്ട് ചെയ്ത ടെണ്ടർ ഫീ |
|---|---|---|---|---|---|
| 1 | 71/18വെളിയിൽ ചേനപ്പറമ്പ് റോഡ് മെറ്റലിംഗും ടാറിംഗും -വാർഡ് 3 | 136211_1 | 2 | 1420 | 2840 |
| 2 | 90/18പട്ടത്താളി തോട് കല്ലുകെട്ട് - വാർഡ് 12 | 136365_1 | 2 | 800 | 1600 |
| 3 | 91/18മിൽമ പട്ടത്താളി റോഡ് മെറ്റലിംഗും ടാറിംഗും- വാർഡ് 13 | 136296_1 | 2 | 1360 | 2720 |
| 4 | 88/18എസ്.എൻ.ഡി.പി അയ്യങ്കാളി റോഡ് മെറ്റലിംഗും ടാറിംഗും- വാർഡ് 11 | 136244_1 | 2 | 1180 | 2360 |
| 5 | 68/18അംബേദ്കർ കോളനി റോഡ് മെറ്റലിംഗും ടാറിംഗും -വാർഡ് 1 | 136198_1 | 2 | 1540 | 3080 |
| 6 | 69/18മനക്കോടം എൽ.പി സ്കൂൾ റോഡ് മെറ്റലിംഗും ടാറിഗും -വാർഡ്- 2 | 136220_1 | 2 | 1420 | 2840 |
| 7 | 94/18 മുതുകേൽ മൂലേക്കളം റോഡ് മെറ്റലിംഗും ടാറിംഗും -വാർഡ് 15 | 136309_1 | 2 | 1420 | 2840 |
| 8 | 149/18പള്ളിപ്പാട് -നാറാണത്ത് റോഡ് മെറ്റലിംഗും ടാറിംഗും -വാർഡ് 5 | 135948_2 | 3 | 1180 | 3540 |
| 9 | 72/18കൈത്തറി സംഘം-തോടയിൽ | 136116_2 | 2 | 1080 | 2160 |

| | | | | | |
|---|---|---|---|---|---|
| | റോഡ് മെറ്റലിംഗും ടാറിംഗും - വാർഡ് 4 | | | | |
| 10 | 87/18പത്മശാലീയ സംഘം ഭ്രതനിലം ക്ഷേത്രം റോഡ് മെറ്റലിംഗും ടാറിംഗും - വാർഡ് 10 | 136156_2 | 1 | 1180 | 1180 |
| 11 | 82/18ചൂളയ്ക്കൽ റോഡ് മെറ്റലിങ് & ടാറിങ് വാർഡ് - 7 | 135940_2 | 2 | 1300 | 2600 |
| 12 | 152/18എൻ.എച്ച് -തെരുവിൽപറമ്പ് റോഡ് മെറ്റലിംഗും ടാറിംഗും | 136258_2 | 3 | 1660 | 4980 |
| 13 | 153/18വാലയിൽ - തീരദേശ റോഡ് കാന നിർമ്മാണം | 136122_2 | 2 | 1660 | 3320 |
| 14 | 95/18ഇല്ലിക്കൽകവല - പഞ്ചായത്ത് പാലം റോഡ് മെറ്റലിംഗും ടാറിംഗും - വാർഡ് 16 | 136287_2 | 2 | 1180 | 2360 |
| 15 | 86/18മാതോടത്ത് പൊൻവേലി കോളനി റോഡ് മെറ്റലിംഗും ടാറിംഗും രണ്ടാം ഘട്ടം -വാർഡ് 9 | 136272_2 | 2 | 950 | 1900 |
| 16 | 83/18നാട്ടുവിലേക്ക് - ചാണിയിൽ റോഡ് മെറ്റലിങ് & ടാറിങ് വാർഡ് - 8 | 136139_2 | 2 | 710 | 1420 |
| 17 | 92/18വള്ളാംതറ കാരാളം റോഡ് രണ്ടാം ഘട്ടം മെറ്റലിംഗും ടാറിംഗും - വാർഡ് 14 | 136103_2 | 3 | 1180 | 3540 |
| 18 | 96/18പനക്കൽക്കളം വടക്കേക്കാട് റോഡ് മെറ്റലിംഗും ടാറിംഗും - വാർഡ് 17 | 136094_2 | 2 | 1070 | 2140 |
| 19 | 84/18ചൂർണിമംഗലം എൽ. പി .സ്കൂൾ അട്ടക്കള സ്റ്റോർ വാർഡ് -8 | 157659_2 | 5 | 1180 | 5900 |
| 20 | 151/18ആല്യംവരമ്പത് - പുരന്ദരേശ്വരം നടപ്പാത നിർമ്മാണം | ലഭ്യമല്ല | 1 | 500 | 500 |

| | | | | | |
|---|---|---|---|---|---|
| 21 | 81/18ഇല്ലത്തുചിറ - കോട്ടപ്പള്ളി റോഡ് മെറ്റലിങ് & ടാറിങ് വാർഡ് - 6 | 136188_2 | 1 | 950 | 950 |
| 22 | 97/18ഇണ്ടംതുരുത്ത് എസ്.സി റോഡ് മെറ്റലിംഗം ടാറിംഗം - വാർഡ് 18 | 136231_2 | 1 | 1070 | 1070 |
| 23 | 148/18പകൽവീട് അനുബന്ധ സൌകര്യങ്ങൾ | 173032_1 | 1 | 590 | 590 |
| 24 | 85/18 - 112 - -ാം നം. അങ്കണവാടി മെയിന്റനൻസ് വാർഡ് -8 | 157650_2 | 2 | 600 | 1200 |
| 25 | 47/18ഹോമിയോ ആശുപത്രി റോഡ് റീടാറിംഗ്. | 188946_2 | 1 | 590 | 590 |
| | | | ആകെ | | 58220 |

.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ